<u>അടിയന്തരപ്രമേയം</u>

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനരികിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

<u>മി. സ്പീക്കർ</u>: അടിയന്തരപ്രമേയം.................(ബഹളം)........................

<u>ശ്രീ. സി. ദിവാകരൻ</u>: പ്രതിപക്ഷത്തു നിന്ന് വളരെ ന്യായമായി നാല് ഡാം നഷ്ടപ്പെട്ട രേഖയാണ് ഹാജരാക്കിയത്. ഈ ഗുരുതരമായ പ്രശ്നം ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ..................... ആ മിനിറ്റ്സ് മുഴുവൻ മേശപ്പുറത്തുവയ്ക്കാൻ പറയണം. ................(ബഹളം).............

<u>മി. സ്പീക്കർ</u>: ഇതുസംബന്ധിച്ച് എന്താണ് ചെയ്യേണ്ടതെന്നതിനെ സംബന്ധിച്ച് ചെയർ പിന്നീട് അറിയിക്കുന്നതാണ്. ............. ................(ബഹളം)............. അവിടെ നിന്നുകൊണ്ട് ചോദിക്കുമ്പോൾ ഗൺപോയിന്റിൽ നിന്നുകൊണ്ട് മറുപടി പറയാൻ ചെയറിന് സാധ്യമല്ല. ഇതിനെപ്പറ്റി തീരുമാനിക്കാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ................(ബഹളം)............. മുല്ലപ്പെരിയാർ ഇങ്ങനെയാണ് പോയത്.

<u>മി. സ്പീക്കർ</u>: മുല്ലപ്പെരിയാർ പോയതിന്റെ നാൾവഴികളിലേക്ക് നമ്മൾ പോകണ്ട. അത് നിയമസഭാംഗങ്ങൾക്ക് മൊത്തം ക്ഷീണമാണ്. ................(ബഹളം).............ഇതിന്മേൽ എന്താണ് പരിഹാരമെന്നതിനെപ്പറ്റി പിന്നീട് പറയാം. ഇപ്പോൾ നിങ്ങൾ സീറ്റിലേക്ക് പോകണം. ................(ബഹളം).............

ശ്രീ. സി. ദിവാകരൻ: ഇത്തരം ഗൗരവമായൊരു വിഷയത്തിന്മേൽ ബഹുമാനപ്പെട്ട സ്പീക്കർ ഇടപെടണ്ടേ?

മി. സ്പീക്കർ: ആ ഗൗരവം എനിക്കുണ്ട്. പ്ലീസ്........ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരുന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സംസാരിക്കും.

ശ്രീ. സി. ദിവാകരൻ: ................(ബഹളം).............മുഖ്യമന്ത്രി സംസാരിക്കട്ടെ;

മി. സ്പീക്കർ: അതു ശരിയല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ നിൽക്കുമ്പോൾ മുഖ്യമന്ത്രി സംസാരിക്കുകയെന്ന് പറയുന്നത് ശരിയല്ല. ഇത് വളരെ ഗുരുതരമായൊരു പ്രശ്നമായതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കാമെന്ന് പറഞ്ഞത്. പക്ഷേ, അദ്ദേഹം സംസാരിക്കുമ്പോൾ അംഗങ്ങൾ സീറ്റിലിരിക്കണം. ................(ബഹളം).............നിങ്ങൾ സീറ്റിലിരുന്നാൽ കേരളത്തിന്റെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ റിയാക്ഷൻ പറയും. ................(ബഹളം).............ഇപ്പോൾത്തന്നെ പറയും.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടിയാണോ ഇത് നടന്നത്.

മി. സ്പീക്കർ: ആണോ അല്ലയോ എന്നുള്ളതിനെപ്പറ്റി അദ്ദേഹം പറയും. ................(ബഹളം).............എല്ലാത്തിനുമൊരു സിസ്റ്റമില്ലേ.......................(ബഹളം)............. ഈ നിയമസഭയ്ക്കുള്ളിൽ ഇങ്ങനെ എഴുന്നേറ്റു നിൽക്കുന്ന അംഗങ്ങളോട് ഒരിക്കലും ഒരു മുഖ്യമന്ത്രിയും സംസാരിച്ചിട്ടില്ല. ................(ബഹളം).............

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഞങ്ങൾ സീറ്റിലിരുന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനൊരു മറുപടി പറയു

മെങ്കിൽ ഞങ്ങൾ എല്ലാവരും സീറ്റിലിരിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്കൊണ്ട് മറുപടി പറയിപ്പിക്കൂ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ചോദ്യോത്തര വേളയിൽ ശ്രീമതി ജമീലാ പ്രകാശം ഒരു മിനിറ്റ്സ് ഇവിടെ വായിച്ചു. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചാണ് ഇവിടെ പ്രശ്നമുണ്ടായിരിക്കുന്നത്. ബഹുമാന പ്പെട്ട അംഗം ഉത്തരവാദിത്തബോധത്തോടുകൂടി വായിച്ച ആ മിനിറ്റ്സ് സഭയുടെ മേശപ്പുറത്തു വയ്ക്കട്ടെ; നിശ്ചയമായും അക്കാര്യം പരിശോധിക്കാം. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ നിശ്ചയമായും ഗവൺമെന്റ് ഒരു കാരണവശാലും അത് വകവയ്ക്കുകയില്ല. അത് ഗൗരവമായി എടുക്കുകയും കർശനമായിട്ടുള്ള നടപടിയുണ്ടാവുകയും ചെയ്യും. സംസ്ഥാനത്ത് ഇതുവരെ ഇങ്ങനെയൊരു പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. ................ (ബഹളം)............. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം ഗൗരവമായിത്തന്നെ ഗവൺമെന്റ് കാണുന്നു. അത് മേശപ്പുറത്തുവയ്ക്കട്ടെ. അക്കാര്യത്തെപ്പറ്റി ഗവൺമെന്റ് പരിശോധിക്കാം. പരിശോധിച്ചതിനുശേഷം ഗവൺമെന്റ് അതിനെക്കുറിച്ചുള്ള വ്യക്തമായ മറുപടി നാളെ നിയമസഭയിൽ പറയുന്നതായിരിക്കും.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ള ഒരു വാഗ്ദാനവും ഇതുവരെയും നിറവേറ്റിയിട്ടില്ല. ഒരു കാര്യവും നിറവേറ്റിയിട്ടില്ല. ഇതൊക്കെ വെറുതെ പറയുന്നതാണ്.

മി. സ്പീക്കർ: ................(ബഹളം).............പ്ലീസ്. പ്ലീസ്.....അതൊന്നും ശരി യല്ല. അങ്ങനെ പറയുന്നത് ശരിയല്ല. ശ്രീ. സി. ദിവാകരൻ, അങ്ങ് പാർട്ടിയുടെ ഒരു സീനിയർ നേതാവാണ്. ഇവിടെ മുഖ്യമന്ത്രി സംസാരിക്കണമെന്ന്

ബഹുമാനപ്പെട്ട അംഗങ്ങൾ ആവശ്യപ്പെട്ടു. മുഖ്യമന്ത്രി ഈ വിഷയത്തിന്മേൽ അന്വേഷണം നടത്തി ശരിയാണെങ്കിൽ എന്തുനടപടിയും സ്വീകരിക്കാമെന്ന് പറഞ്ഞപ്പോൾ മുഖ്യമന്ത്രി പറയുന്ന കാര്യങ്ങൾ വിശ്വസിക്കാൻ സാധ്യമല്ലെന്ന് പറയുന്നത് ശരിയല്ല. ഇത് വളരെ നിർഭാഗ്യകരമായിപ്പോയി. ...............(ബഹളം).............ശ്രീമതി ജമീലാപ്രകാശം ഇവിടെ വായിച്ച മിനിറ്റ്സ് ചെയറിനു സമക്ഷം എത്തിക്കണം.

(പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി ജമീലാ പ്രകാശം സഭയിൽ വായിച്ച രേഖകൾ സഭയിൽവച്ചുതന്നെ ബഹുമാനപ്പെട്ട സ്പീക്കർക്കു കൈമാറി.)

<u>മി. സ്പീക്കർ</u>: ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കൾക്കെല്ലാം വില കുതിച്ചുയർന്നുകൊണ്ടിരിക്കുകയും പൊതു വിതരണ സമ്പ്രദായം പാടെ അവതാളത്തിലാകുകയും വിലക്കയറ്റം പിടിച്ചു നിർത്താനുള്ള വിപണി ഇടപെടലിൽ നിന്നും സർക്കാർ പൂർണ്ണമായി പിൻവാങ്ങുകയും ചെയ്തിരിക്കുന്നതിനാൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. തിലോത്തമൻ, ഇ.പി. ജയരാജൻ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## <u>വിലക്കയറ്റം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ അവശ്യസാധനങ്ങളുടെ ആവശ്യ കതയിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടു ന്നത്. അന്യസംസ്ഥാനങ്ങളിലെ ആഭ്യന്തര വിപണിയിലുണ്ടാകുന്ന നേരിയ ചലനങ്ങൾ പോലും വിപണിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പെട്രോ ളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്, കാലാനുസൃതമായ വേതന വർദ്ധ നവ്, പ്രതികൂല കാലാവസ്ഥ, അതിലുണ്ടാകുന്ന വിളനാശം എന്നിവയൊക്കെ ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധനവിന് ആക്കം കൂട്ടുന്ന ഘടകങ്ങളാണ്. എങ്കിലും സർക്കാർ സമയോചിത നടപടികളും നയപരിപാടികളും സ്വീകരിച്ച് ഈ വില വർദ്ധനവിനെ ചെറുക്കുകയും ജനങ്ങൾക്ക് അതിൽ നിന്ന് ആശ്വാസം കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ പൊതുവിതരണ സംവിധാനം ശക്തമായതുകൊണ്ടാണ് ഒരു പരിധിവരെയെങ്കിലും വില നിയന്ത്രിച്ചു നിർത്താൻ സാധിക്കുന്നത്. പൊതു വിതരണ ശൃംഖലയിലൂടെ വിവിധ ജനവിഭാഗങ്ങൾക്ക്, ബി.പി.എൽ., എ.പി. എൽ., എ.എ.വൈ. കാർഡുടമകൾക്ക് വിവിധതരത്തിലുള്ള ഭക്ഷ്യധാന്യങ്ങൾ പ്രതിമാസം അലോട്ട് ചെയ്തുവരികയും അതോടൊപ്പംതന്നെ ഗവൺമെന്റിന്റെ വിവിധ ഏജൻസികളായ സപ്ലൈകോയും കൺസ്യൂമർഫെഡും ഹോർട്ടികോർപ്പും അടക്കം വിപണിയിൽ ഇടപെടു കയും ചെയ്തുകൊണ്ട് വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിന് സഹായകരമായ സാഹചര്യങ്ങൾ ഒരുക്കുന്നുണ്ട്. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലാതലത്തിലും താലൂക്ക്തലങ്ങളി

ലുമൊക്കെ പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഡിപ്പാർട്ടുമെന്റിനൊപ്പം പോലീസ് സേനയുടെ സഹായവും ലഭ്യമാക്കുന്നുണ്ട്. വിലക്കയറ്റം തടയുന്നതിനും കമ്പോളത്തിൽ ഇടപെടുന്നതിനുമായി സപ്ലൈകോ-യ്ക്കും മറ്റ് ഇതര ഏജൻസികൾക്കും ഗവൺമെന്റ് ആവശ്യാനുസരണം തുക ലഭ്യമാക്കുന്നു. പൊതുകമ്പോളത്തിൽ പച്ചക്കറി, പഴവർഗ്ഗങ്ങൾ, നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന ഇതര വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സാധനങ്ങളുടെ വില സ്റ്റോക്ക് വിവരപ്പട്ടികകളിൽ പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും കൃത്യമായ വിലകൾ തന്നെയാണോ സ്റ്റോക്ക് വിവരപ്പട്ടികയിൽ രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്തു കൊണ്ട് ഒരു വില ഏകീകരണത്തിനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കു ന്നുണ്ട്. അതിനുവേണ്ടിയുള്ള പരിശോധനകൾ എല്ലാ സന്ദർഭങ്ങളിലും നടത്തുന്നു. ഉത്സവകാലം ആകുന്നതോടനുബന്ധമായി ഈ പരിശോ ധനകൾ കൂടുതൽ കർശനമാക്കുവാനും ഇത്തരത്തിലുള്ള വീഴ്ചകൾ കണ്ടു കഴിഞ്ഞാൽ കൂടുതൽ കർക്കശ സ്വഭാവത്തോടെ നടപടികളെടുക്കുവാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഗവൺമെന്റിന് സാധ്യമായ നിലയിൽ വിപണിയിൽ ഇടപെട്ടുകൊണ്ട് വിപണി വില നിയന്ത്രിച്ചുനിർത്താനും വിലക്ക യറ്റത്തിന്റെ ബുദ്ധിമുട്ടുകൾ സാധാരണക്കാരനിലേക്ക് വരാതിരിക്കാനുമുള്ള സാഹചര്യങ്ങൾ ഗവൺമെന്റ് ഒരുക്കുന്നുണ്ട്. അരി അടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണവിധേയമാണെന്ന് പറയു മ്പോഴും, മറ്റ് സ്റ്റേറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ ആന്ധ്രയിൽ 28 രൂപയും തമിഴ്നാട്ടിൽ 32 രൂപയും കേരളത്തിൽ 34 രൂപയുമാണ് അരിയുടെ

വില. കേരളത്തിന്റെ തൊട്ടടുത്ത സംസ്ഥാനങ്ങളാണ് ആന്ധ്രയും തമിഴ്നാടും. ആന്ധ്ര നെല്ല് ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാമതായതുകൊണ്ട് സ്വാഭാവികമായും അവിടെ വില കുറവുണ്ടാകാം. അയൽ സംസ്ഥാനങ്ങളിലെ വിലകളുമായി താരതമ്യം ചെയ്യുമ്പോൾ തീർച്ചയായും ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിപണി വില നിയന്ത്രിച്ചു നിർത്തുവാൻ സഹായകരമാകുന്ന സാഹചര്യങ്ങളുണ്ട്. ഇന്ന് കേരളത്തിൽ പൊതുവിതരണ സംവിധാനം ശക്തമായി നിലനിൽക്കുന്നുവെന്നുള്ളതു കൊണ്ടാണ് വിപണി വില നിയന്ത്രിച്ചു നിർത്താൻ സാധിക്കുന്നത്. ഉത്സവ കാലത്തോടനുബന്ധിച്ച് കൂടുതൽ കാര്യക്ഷമമായ ഇടപെടലുകളുണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. വില നിയന്ത്രണത്തിന്റെ കാര്യത്തിൽ സാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ വില അതിഭയങ്കരമായി വർദ്ധിച്ച് ജനജീവിതമാകെ ദുസ്സഹമായിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ്. അതുസംബന്ധിച്ച് ഇവിടെ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയതിനെത്തുടർന്ന് മന്ത്രി നൽകിയ മറുപടി യാഥാർത്ഥ്യങ്ങളുമായി യാതൊരു പൊരുത്തവുമില്ലാത്തതാണ്. ഈ കൊച്ചു കേരളത്തിൽ ഇടതു പക്ഷം അധികാരത്തിൽ വന്ന സന്ദർഭത്തിലെ 5 വർഷക്കാലവും ഇന്ത്യയിലെ മറ്റ് ഏതൊരു സംസ്ഥാനത്തെക്കാളും എല്ലാ സാധനങ്ങളുടെയും വില കുറച്ചു കൊടുക്കാനും അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കാനും കഴിഞ്ഞതിന്റെ എത്രയോ ഉദാഹരണങ്ങൾ പറഞ്ഞ് കേന്ദ്ര ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ആളുകൾ തന്നെ നമ്മളെ പുകഴ്ത്തിയിട്ടുണ്ട്.

എന്നാൽ ഇന്ന് സ്ഥിതിഗതികളാകെ മാറിയിരിക്കുകയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമാണ് കേരളമെങ്കിലും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ഇന്ന് എല്ലാ സാധനങ്ങൾക്കും ഇരട്ടിയോ അതിലധികമോ വില കൂടിയ ഒരു സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തിൽ ജനജീവിതമാകെ പകച്ചുനിൽക്കുകയാണ്. ഇത്തരം സന്ദർഭത്തിൽ ഇടപെടേണ്ട സർക്കാർ സംവിധാനങ്ങളെല്ലാം ഏതാണ്ട് നിസ്സംഗമായി നിൽക്കുന്ന, കാഴ്ചക്കാരന്റെ റോളിൽ നിൽക്കുന്ന സ്ഥിതിയാണ് ഇവിടെയുള്ളത്. മന്ത്രി പറയുന്നതൊക്കെ ശുദ്ധ അസംബന്ധങ്ങളാണ്. ഏത് സംവിധാനമാണ് വിലക്കയറ്റം പിടിച്ചുനിർത്താനായി മാർക്കറ്റിൽ ഇടപെടുന്നത്? റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, സപ്ലൈകോയുടെ ഇതര സ്ഥാപനങ്ങൾ, കൺസ്യൂമർഫെഡ് – ഇതിൽ ഏത് സംവിധാനമാണ് ഇത്തരം ഒരു സന്ദർഭത്തിൽ ഫലപ്രദമായി ഇടപെടുന്നുവെന്നുള്ളത് മന്ത്രിക്ക് പറയാൻ കഴിയുമോ? അങ്ങ് ഇവിടെ പറഞ്ഞതെല്ലാം തികച്ചും വസ്തുതാവിരുദ്ധങ്ങളാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുകയാണ്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും ഇവിടെ നിർബാധം നടക്കുകയാണ്. ഒരു കടയുടെ മുമ്പിലും വില വിവരപ്പട്ടിക എഴുതിവയ്ക്കുന്നില്ല. ഒരു കച്ചവടക്കാരനും ഇന്ന് ആ കാര്യം ചെയ്യണമെന്ന ധാരണയേ ഇല്ല. ഇടപെടാൻ ഒരു സംവിധാനവും ഇല്ലാത്തതുകൊണ്ട് അവർക്ക് തോന്നിയതുപോലെ എന്തും ചെയ്യാമെന്ന അവസ്ഥയാണ്. നിത്യോപയോഗ സാധനങ്ങൾക്ക് അതിഭയങ്കരമായി വില വർദ്ധിച്ച് ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത ഒരു അവസ്ഥയാണ് ഇന്നുള്ളത്. ഇന്ന് സാധാരണക്കാരൻ കടകളിൽ പോയാൽ അവന്റെ അവശ്യ സാധനങ്ങൾ ഒന്നുകിൽ അളവ് കുറച്ചു വാങ്ങും, അല്ലെങ്കിൽ വാങ്ങാതിരിക്കും, അങ്ങനെയാണ് അവൻ കഴിച്ചുകൂട്ടുന്നത്. അത്തരമൊരു സ്ഥിതി

വിശേഷത്തെയാണ് മന്ത്രി വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കാൻ ശ്രമിച്ചത്. 'മടി നിറയെ പണവുമായി പോയാൽ വട്ടിനിറയെ സാധനങ്ങളുമായി' വരാൻ കഴിയുന്ന ഒരു കാലമുണ്ടായിരുന്നു നമുക്ക്. മലയാളിക്ക് ഇനി ആ കാലം സ്വപ്നം കാണാൻ മാത്രമേ കഴിയൂ. ഇന്ന് 'വട്ടി നിറയെ പണം കൊണ്ടുപോയാൽ മടിയിൽ സാധനവും വാങ്ങിച്ചുകൊണ്ടുവരാൻ കഴിയുന്ന' ഒരു സ്ഥിതിയാണ് ഇന്ന് പൊതുവിലുള്ളത്. വിലക്കയറ്റമെങ്ങനെയുണ്ടാകുന്നുവെന്നുള്ളത് നമുക്ക് നല്ലവണ്ണമറിയാം. ഇവിടെ ഭക്ഷ്യസാധനങ്ങൾ മൊത്തമായി സംഭരിക്കാനുള്ള സംവിധാനമില്ല. ഇവിടെ ഊഹക്കച്ചവടക്കാരും കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പ്പുകാരും കൊള്ള ലാഭക്കൊതിയന്മാരും ജനങ്ങളെ വട്ട്തട്ടുമ്പോൾ ഒരു ഇഞ്ചുപോലും ഒരു നടപടി സ്വീകരിക്കാൻ കഴിയാതെ നിസ്സംഗമായി നിൽക്കുന്ന ഗവൺമെന്റ് സംവിധാനത്തെക്കുറിച്ച് എന്ത് പറയാനാണ്? വില കൂടുതലും രൂപയുടെ മൂല്യശോഷണവുംമൂലം പലരും അവശ്യവസ്തുക്കൾ ഉപേക്ഷിക്കുകയാണ്. അവർക്ക് വാങ്ങുവാനുള്ള ശേഷി നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ 87 ശതമാനത്തിന്റെ വർദ്ധനവുണ്ടായി എന്നാണ് കഴിഞ്ഞ ഒരു വർഷക്കാലം ഔദ്യോഗികമായിത്തന്നെ സ്ഥിരീകരിക്കപ്പെടുന്നത്. അരി, പഞ്ചസാര, പയർ, പച്ചക്കറി തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വിലകൾ റോക്കറ്റ് വേഗതയിലാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. മന്ത്രി ഇവിടെ 32 രൂപയ്ക്ക് അരി കിട്ടുമെന്ന് പറഞ്ഞു. പബ്ലിക് മാർക്കറ്റിൽ ജയ അരിക്ക് 36 രൂപ കൊടുക്കണം. മന്ത്രിക്ക് എവിടെ നിന്നാണ് ഈ വില കിട്ടിയത്? പാളയം മാർക്കറ്റിൽ 37-38 രൂപ കൊടു

ത്താലേ അരി കിട്ടുകയുള്ളൂ. കുത്തരിക്ക് 40 രൂപ കൊടുക്കണം. ബ്രാന്റഡ് അരിക്ക് അതിനേക്കാൾ എത്രയോ അധികം വിലയാണ്. മന്ത്രിക്ക് ഈ വില എവിടെ നിന്ന് കിട്ടി എന്നറിയില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ വിപണിയിൽ ഇടപെടുമെന്ന് മുൻ കേന്ദ്ര മന്ത്രി ശ്രീ. കെ.വി. തോമസ് നാടുനീളെ നടന്ന് പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു, അവശ്യസാധനങ്ങൾ അടങ്ങുന്ന 6000 കോടി കിറ്റുകൾ രാജ്യമൊട്ടാകെ വിതരണം ചെയ്യുമെന്ന് പറഞ്ഞു. അദ്ദേഹം നാഫെഡിനെ ക്കൊണ്ട് ചെയ്യുമെന്ന് പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും ഒന്ന് ചെയ്തോ? ഇപ്പോൾ അധികാരത്തിൽ വന്ന മോദി സർക്കാർ വിലക്കയറ്റത്തെക്കുറിച്ച് ഒന്നും മിണ്ടുന്നില്ല. നമുക്ക് യാതൊരു വ്യാമോഹവും അവരെക്കുറിച്ചില്ല. ഈ മോദി സർക്കാർ എന്ത് ചെയ്യുമെന്നും അവർ ആരുടെ പ്രതിനിധിയാ ണെന്നും നമുക്ക് നല്ലവണ്ണം ബോധ്യമുണ്ട്. കോൺഗ്രസ്സ് വിവരിച്ച എല്ലാ ജനവിരുദ്ധ നയങ്ങളെയും രണ്ട് കൈയും പൊക്കി സ്വീകരിച്ച ബി.ജെ.പി., ആ നയങ്ങൾ തന്നെയായിരിക്കും ഇവിടെയും ആവർത്തിക്കാൻ പോകുന്നതെന്ന് ഞങ്ങൾക്ക് നല്ല ബോധ്യമുള്ളതാണ്. ആരൊക്കെയോ വ്യാമോഹം വച്ചു പുലർത്തുന്നുണ്ട്. ഇവിടെ മുഖ്യമന്ത്രി അടക്കമുള്ള ആളുകൾ ഒരുപാട് വ്യാമോഹങ്ങളുമായി മോദിയെക്കുറിച്ച് പ്രകീർത്തിക്കുന്നത് കേട്ടു. ഏതായാലും അങ്ങനെയൊന്നും സംഭവിക്കാൻ പോകുന്നില്ല. ഇവിടെ എൻ. ഡി.എ. സർക്കാർ, കോൺഗ്രസ്സ് ഗവൺമെന്റ് സ്വീകരിച്ച അതേ സാമ്പത്തിക നയങ്ങളുടെ വക്താക്കൾ ഒരേതൂവൽ പക്ഷികളെപ്പോലെ, ഒരേ നാണയ ത്തിന്റെ ഇരുവശങ്ങളെപ്പോലെ അവർ ആ നയങ്ങൾ കുറെക്കൂടി കർക്കശ മായി നടപ്പിലാക്കുമെന്ന കാര്യം നമുക്ക് നല്ല ബോധ്യമുണ്ട്. എന്നാൽ ഈ

സംസ്ഥാന ഗവൺമെന്റിന് ചില ഉത്തരവാദിത്വങ്ങളില്ലേ? ഇന്ത്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി പൊതുവിതരണ സംവിധാനത്തിന്റെ വലിയൊരു ശൃംഖല തന്നെ ഇവിടെ തീർത്തിട്ടുള്ളതാണ്. ഈ സംസ്ഥാനത്ത് ആ പൊതുവിതരണ സംവിധാനങ്ങൾ എന്താണ് ചെയ്യുന്നതെന്നാണ് നമുക്ക് പരിശോധിക്കേണ്ടത്.

നമ്മുടെ മാവേലി സ്റ്റോറുകളിൽ സബ്സിഡി ഐറ്റങ്ങളുടെ എണ്ണം കുറച്ചു. ഇങ്ങനെയാണോ ഇടപെടേണ്ടതെന്ന് മന്ത്രി പറയണം. കഴിഞ്ഞ എത്രയോ വർഷങ്ങളായി ജനങ്ങൾക്ക് ആശ്വാസപ്രദമായ നിലയിൽ മാവേലി സ്റ്റോറുകളിൽ 13 നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡൈസ്ഡ് റേറ്റ് നിർണ്ണയിച്ച് കൊടുക്കുമായിരുന്നു. ഒരുപാട് ഉൽപ്പന്നങ്ങൾക്ക് വില കുറയ്ക്കാൻ അത് ഉൽപ്പാദിക്കുന്ന കേന്ദ്രങ്ങളിൽപ്പോയി മൊത്തമായി സംഭരിച്ച് ഇവിടെ കൊണ്ടുവന്ന് ന്യായവിലയ്ക്ക് വിതരണം ചെയ്ത് മാർക്കറ്റിൽ ഇന്റർവെൻഷൻ നടത്തിക്കൊണ്ടിരുന്നു. എന്നാൽ സബ്സിഡി ഐറ്റങ്ങളുടെ എണ്ണം കുറച്ചു. അതിനേക്കാളൊക്കെ അപ്പുറത്ത് മാർക്കറ്റ് വിലയേക്കാൾ വില കൂട്ടിവിൽക്കാൻ സപ്ലൈകോ അനുമതി കൊടുത്തു. ഞാനൊരു ഉദാഹരണം പറയാം. മാവേലി സ്റ്റോറുകളിൽ ചെറുപയർ കിലോയ്ക്ക് 55 രൂപയ്ക്കാണ് സബ്സിഡി റേറ്റിൽ വിൽക്കുന്നത്. എന്നാൽ നോൺ സബ്സിഡി ഐറ്റമായി 85 രൂപയ്ക്ക് പബ്ലിക് മാർക്കറ്റിലെ വിലയേക്കാൾ വേറെ വിൽക്കുന്നു. ഉഴുന്ന് കിലോയ്ക്ക് 42 രൂപയ്ക്ക് സബ്സിഡി ഐറ്റമായി വിൽക്കുമ്പോൾ 74 രൂപയ്ക്ക് വിൽക്കുന്നു. മല്ലി 26 രൂപയ്ക്ക് സബ്സിഡിക്ക് വിൽക്കുമ്പോൾ 35 രൂപയ്ക്കും നിങ്ങൾ വിൽക്കുന്നു. മല്ലിക്ക് പബ്ലിക് മാർക്കറ്റിൽ 100 രൂപയേ

വിലയുള്ളൂ. 106 രൂപ 50 പൈസയ്ക്ക് മല്ലി സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് മാവേലി സ്റ്റോർവഴി വിതരണം ചെയ്യുന്നു. ഇത് മാർക്കറ്റ് വിലയേക്കാൾ കൂടുതലാണ്. ഈ സബ്സിഡി ഐറ്റംസ് കൊടുക്കുന്നത് അര കിലോ, ഒരു കിലോ എന്ന രീതിയിലല്ലേ. ബാക്കിയെല്ലാം, കോർപ്പറേറ്റ് സ്ഥാപനങ്ങൾ കൊണ്ടുവന്ന് കൊടുക്കുന്ന ഉൽപ്പന്നങ്ങൾ സപ്ലൈകോവഴി വിതരണം ചെയ്ത് പബ്ലിക് മാർക്കറ്റിനേക്കാൾ വിലകൂട്ടി വിൽക്കുമ്പോൾ അതുകൂടി വാങ്ങിയാലേ ഈ സബ്സിഡി ഐറ്റം നൽകുകയുള്ളൂവെന്ന കർക്കശമായ നിലപാട് സ്വീകരിക്കുന്നത് ആരെ സഹായിക്കാനാണ്; ഇങ്ങനെയാണോ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നത്? ഇന്ന് നിങ്ങൾ സപ്ലൈകോ മാർക്കറ്റിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെ സബ്സിഡി റേറ്റും അവിടെ നോൺസബ്സിഡിയായി കൊടുക്കുന്ന റേറ്റും ഓപ്പൺ മാർക്കറ്റ് വിലയും ഇന്നലത്തെ എടുത്തുവച്ചിട്ടുണ്ട്. എത്രയോ വ്യത്യസ്തമായ സമീപനമാണ്. മുമ്പൊരിക്കലും ഒരു ഗവൺമെന്റും ചെയ്യാത്ത ഏറ്റവും നികൃഷ്ഠമായ നടപടിയാണ് ഇന്ന് പൊതുവിതരണ സമ്പ്രദായത്തിലൂടെ നിങ്ങൾ ചെയ്യാൻ ശ്രമിക്കുന്നത്. അത് ഇതിനൊക്കെ പുറമേയാണ്. നമ്മുടെ നിത്യോപയോഗ സാധനങ്ങൾക്ക് വില കൂടുന്നത് ഒരു ഭാഗത്ത്, അതിനൊക്കെ അപ്പുറത്ത് ജനങ്ങൾക്ക് ഇരുട്ടടി നൽകാൻ ബസ് ചാർജ്ജ് ഇപ്പോൾ എത്ര തവണയാണ് വർദ്ധിപ്പിച്ചത്; വെള്ളക്കരം കൂട്ടാൻ പോകുകയല്ലേ? പാലിന്റെ വിലയിൽ മൂന്നുരൂപയുടെ വർദ്ധനവിന് ശിപാർശ ചെയ്തുകഴിഞ്ഞു. കെ.എസ്.ഇ.ബി. വീണ്ടും വലിയൊരു വർദ്ധനയ്ക്ക്...... വൈദ്യുതി ചാർജ്ജ് കൂട്ടാതെ സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിയില്ലായെന്ന് ഇന്നലെ നമ്മുടെ വിദ്യുത്ച്ഛക്തി വകുപ്പുമന്ത്രി പറയുകയുണ്ടായി. വിദ്യുത്ച്ഛക്തി താരിഫിൽ 25 ശതമാന

ത്തിന്റെ നിരക്ക് വർദ്ധനവ് കൂട്ടാൻ കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷനോട് ശുപാർശ ചെയ്തിരിക്കുകയാണ്. സമസ്ത മേഖലയിലും ജനത്തിന് ഇരുട്ടടി സമ്മാനിക്കുന്ന ഒരു ഗവൺമെന്റായി ഇത് മാറുകയല്ലേ; ഈ ഗവൺമെന്റിന് നാണമില്ലേ; എന്താണ് നിങ്ങൾക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്? അരി ഉൾപ്പെടെയുള്ള സാധനങ്ങളുടെ വില ഉയർന്നുനിൽക്കുമ്പോൾ വെളിച്ചെണ്ണയുടെ വില പറയേണ്ടതില്ല. വെളിച്ചെണ്ണയുടെ വില 170 രൂപയായി. കഴിഞ്ഞ വർഷം ഇതേ നാളിൽ 82 രൂപയായിരുന്നു ഒരു കിലോ വെളിച്ചെണ്ണയ്ക്ക് എങ്കിൽ ഇന്ന് 170 രൂപയിലെത്തിനിൽക്കുകയാണ്. എന്താണ് ഗവൺമെന്റിന് ഇതിനെക്കുറിച്ച് പറയുവാനുള്ളത്? ശബരി എണ്ണ വിതരണം ചെയ്യാൻ സപ്ലൈകോ ശ്രമിക്കുന്നുണ്ട്. എന്നാൽ അവിടെ വിതരണം നടക്കുന്നില്ല. ശബരി എണ്ണ സബ്സിഡി റേറ്റിൽ കൊടുക്കാൻ എത്തുന്നത് മുഴുവൻ കരിഞ്ചന്തയിലേയ്ക്ക് ഒഴുകുകയാണ്. ആരും അന്വേഷിക്കാൻ ഇവിടെയില്ലാത്ത അവസ്ഥയാണ്. ചെറുപയറിന് 100 രൂപ കഴിഞ്ഞു. വറ്റൽ മുളകിന് 130 രൂപയായി. പഞ്ചസാരയും പരിപ്പും ഗോതമ്പുപൊടിയുമടക്കം എല്ലാത്തിന്റെയും വില ഉയർന്ന നിരക്കിൽത്തന്നെയാണ്. കുത്തനെ ഉയർന്ന പച്ചക്കറി വില ഇടയ്ക്കൊന്ന് താഴ്ന്നെങ്കിലും വീണ്ടും ഭയങ്കരമായ വിലയായി. പഴങ്ങളുടെ വിലയോ? പഴവർഗ്ഗങ്ങൾ ഏതെടുത്താലും കൈപൊള്ളുന്ന അവസ്ഥയായി. പച്ചക്കറിക്ക് തീവില, പഴവർഗ്ഗങ്ങൾക്ക് തീവില, മത്സ്യത്തിന് അതിനേക്കാൾ തീവില, ഇറച്ചിക്ക് വില..... അങ്ങനെ സാധാരണക്കാരന് ജീവിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് നിത്യോപയോഗ സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുയരുമ്പോൾ രണ്ടറ്റം കൂട്ടിമുട്ടാൻ വല്ലാത്ത കസർത്ത് നടത്തുകയാണ്. സർക്കസ് കൂടാരത്തിലെ

സർക്കസുകാരനേക്കാൾ വെല്ലുന്ന മെയ്‌വഴക്കം ഇന്ന് കേരളത്തിലെ സാധാരണ ജനങ്ങൾ നടത്തിയാലേ ജീവിക്കാൻ കഴിയൂയെന്ന അവസ്ഥ യിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. വേറൊരു വിഭാഗം ജനത്തിന് പട്ടി ണിയും പരിവട്ടവുമായി കഴിയേണ്ടിവരുന്നു. നമുക്കറിയാം, മെയ്, ജൂൺ മാസങ്ങൾ എല്ലാ മലയാളിക്കും ചെലവ് കൂടുന്ന മാസമാണ്. കലാലയങ്ങൾ തുറക്കുന്നു, പുതിയ അധ്യയന വർഷം ആരംഭിക്കുന്നു. കുട്ടികളെ സ്കൂളിൽ വിടണം. ഉന്നതവിദ്യാഭ്യാസ പഠനകേന്ദ്രങ്ങളിലേക്ക് കുട്ടികളെ അയയ്ക്ക ണം. മറ്റ് ഏത് കാര്യത്തേക്കാളും വിദ്യാഭ്യാസ ചെലവേറിക്കൊണ്ടിരിക്കുകയാ ണ്. അത്തരമൊരു കാലത്ത് വിലക്കയറ്റംകൊണ്ട് ജനങ്ങളെ വീണ്ടും പൊള്ളി ക്കാൻ, അവന്റെ കീശ നിവർപ്പിക്കാനുള്ള നടപടികളുമായി പോകുന്ന ഒരു ഗവൺമെന്റ്........ അവരുടെ പൊതുവിതരണ സമ്പ്രദായത്തിന്റെ സ്ഥിതി ഇന്ന് നമുക്ക് കാണാൻ കഴിയുന്നുണ്ട്. 14,300 റേഷൻ കടകൾക്ക് മിക്കവാറും താഴി ടുന്ന അവസ്ഥയാണ്. റേഷൻ കടകൾവഴി ഈ ഗവൺമെന്റ് വന്നതിനു ശേഷം അരിയുടെയും പഞ്ചസാരയുടെയും ഗോതമ്പിന്റെയും മണ്ണെണ്ണയുടെ യുമെല്ലാം അളവ് കുറച്ചില്ലേ; എല്ലാ അളവും കുറച്ചു. ഞങ്ങൾക്ക് വേതനം വേണ്ട, കമ്മീഷൻ വേണ്ട, ഞങ്ങൾക്ക് മിനിമം വേതനം വേണമെന്ന് റേഷൻ കടക്കാരൻ പറയുകയാണ്. അവരുടെ സംസ്ഥാന സമ്മേളനത്തിൽ ബഹുമാന്യനായ പൊതുവിതരണ വകുപ്പുമന്ത്രി പങ്കെടുത്തു. ഞങ്ങൾ റേഷൻ കടകളിൽനിന്ന് ഈച്ചയെ ഓടിച്ചിരിക്കുകയാണെന്ന് അദ്ദേഹത്തിന്റെ മുഖത്തുനോക്കി പറഞ്ഞു. ഞങ്ങൾക്ക് കമ്മീഷൻ കിട്ടിയാൽ ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ്, ഞങ്ങളുടെ കുട്ടികളെ തീറ്റിപ്പോറ്റാൻ കഴിയാത്ത അവസ്ഥയാണ്. അതുകൊണ്ട് ഞങ്ങൾക്ക് മിനിമം വേതനം സർക്കാർതന്നെ

പ്രഖ്യാപിച്ച് തരണം. ഞങ്ങളെ ശമ്പള ഉദ്യോഗസ്ഥൻമാരാക്കണം. ഇടതു പക്ഷം അധികാരത്തിലിരുന്ന സമയത്ത് ഒരു ബി.പി.എൽ. കാർഡുകാരന് ഒരു മാസം 10 കിലോ ഗോതമ്പുണ്ടായിരുന്നു. ആ അളവ് വെട്ടിക്കുറച്ചില്ലേ; അരി യുടെയും പഞ്ചസാരയുടെയും ഗോതമ്പിന്റെയും അളവ് കുറച്ചു. ഈ ഗവൺമെന്റ് അരലിറ്റർ മണ്ണെണ്ണ കണ്ണിലൊഴിക്കാൻവേണ്ടി കൊടുക്കുന്നു. അതല്ലേ സത്യം. അരിയുടെയും ഗോതമ്പിന്റെയും പഞ്ചസാരയുടെയും അളവ് കുറച്ചു. എ.പി.എൽ.-കാരനെ പരിപൂർണ്ണമായി മറക്കുകയാണ്. ഈ മാസം എ.പി.എൽ. റേഷൻ കാർഡുടമയ്ക്ക് 7 കിലോ അരിയും ഒന്നരക്കിലോ ഗോതമ്പുമാണ്........ ഒന്നരക്കിലോ ഗോതമ്പ് അനുവദിച്ചാൽ ഏത് എ.പി.എൽ. കാർഡുടമ ആ ഗോതമ്പ് വാങ്ങാൻ പോകും. ആ ഗോതമ്പും കരിഞ്ചന്തയി ലേക്ക് ഒഴുകാൻ ഗവൺമെന്റുതന്നെ പച്ചക്കൊടി കാണിച്ചുകൊടുക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുകയല്ല. അങ്ങനെ അരിയുടെയും ഗോതമ്പിന്റെയും അളവ് കുറയ്ക്കുന്നു. എന്താണ് ഇവർക്ക് പറയുവാനുള്ളത്? ഇടതുപക്ഷം അധികാരത്തിലിരുന്ന സന്ദർഭത്തിൽ നമുക്ക് ന്യായമായി വിതരണം ചെയ്യാനുള്ള അരിക്കും ഗോതമ്പിനും പഞ്ചസാര യ്ക്കുംവേണ്ടി അന്നത്തെ മുഖ്യമന്ത്രി സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ എം.എൽ.എ.-മാരും മന്ത്രിമാരുമടക്കം ഡൽഹിയിൽപ്പോയി സമരം ചെയ്തപ്പോൾ കളിയാക്കിയവരല്ലേ ഇവിടെ ഇരിക്കുന്നത്. കേന്ദ്ര ത്തിൽപ്പോയി നമ്മുടെ അരിയും ഗോതമ്പും പഞ്ചസാരയും കണക്ക് പറഞ്ഞ് വാങ്ങാൻ നിങ്ങൾ ഇന്ന് തയ്യാറാണോ? നിങ്ങൾക്ക് അന്നേരം ബാറു കളെക്കുറിച്ച് ചർച്ച ചെയ്യാനാണ്....... 418 ബാറുകൾ കൊടുക്കണോ വേണ്ട യോ, ചക്കളത്തി പോരാട്ടമാണ്, ഭയങ്കര വാക്പോരാണ്, എന്തൊരു ഗുസ്തി

യാണ് നടക്കുന്നത്? അവിടെ കെ.പി.സി.സി. പ്രസിഡന്റ് ഒരു അഭിപ്രായം പറയുന്നു, മുഖ്യമന്ത്രി വേറൊരു അഭിപ്രായം പറയുന്നു, എക്സൈസ് മന്ത്രിക്ക് വേറൊരു അഭിപ്രായം. നിങ്ങളുടെ താൽപ്പര്യം ബാറുടമകളുടെ താൽപ്പര്യമാണ്. നിങ്ങളുടെ താൽപ്പര്യം പാവങ്ങളുടേതല്ല, പാവങ്ങളെക്കുറിച്ച് ചിന്തിക്കാൻ നിങ്ങൾക്ക് അശേഷമെങ്കിലും നേരമുണ്ടോ? ഇപ്പോൾ തെര ഞ്ഞെടുപ്പിന്റെ ചൂടെല്ലാം കഴിഞ്ഞു. മുഖ്യമന്ത്രിയടക്കം ഡൽഹിയിലേക്ക് പോകുകയാണ്. ഇവിടെ വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുമ്പോൾ ഏതോ മന്ത്രിമാരുടെ പുരയിടിഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി അവരുടെ കാര്യവുമായി ഡൽഹിക്ക് പോകുകയാണ്. നിങ്ങൾ എവിടെ പ്പോയാലും രക്ഷപ്പെടാൻ പോകുന്നില്ല. ഇന്ത്യയിലെ ജനങ്ങൾ വിലക്ക യറ്റംകൊണ്ട് പൊറുതിമുട്ടിയപ്പോൾ ഈ കോൺഗ്രസ്സിനെ ദയനീയമായി പരാ ജയപ്പെടുത്തിയതുപോലെ വരാൻപോകുന്ന നാളുകളിൽ വമ്പൻ ശിക്ഷ നിങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നുവെന്ന കാര്യം ഓർക്കണം. നിങ്ങളുടെ പൊതുവിതരണ മേഖല ദുർബലമാകുമ്പോൾ ഇന്ന് അതിഭയങ്കരമായ കൊള്ള യല്ലേ അവിടെ നടക്കുന്നത്. സപ്ലൈകോയുടെ സി.എം.ഡി. സ്ഥാനത്തേയ്ക്ക് പതിനാറാമത്തെ ആളെയാണ് നിയോഗിച്ചിരിക്കുന്നത്. ആ ആൾ ലീവെടുത്ത് സ്ഥലം വിട്ടുവെന്നാണ് കേൾക്കുന്നത്. രണ്ടരവർഷംകൊണ്ട് 16 എം.ഡി.–മാർ...... എന്താണ് അവിടെ നടക്കുന്നത്? നമ്മുടെ പൊതുവിതരണ മേഖല യിൽ ഹോൾസെയിലായി കട നടത്തുന്ന റേഷൻ ഡീലേഴ്സിന്റെ അഖിലേന്ത്യാ നേതാവുതന്നെ ഇന്ന് വിജിലൻസിൽ കേസ് കൊടുത്തിരിക്കുക യല്ലേ? ഇവിടെ മന്ത്രി പറഞ്ഞല്ലോ, പൊതുവിതരണ മേഖലയിൽ നടക്കുന്ന അഴിമതിയെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി

സ്വീകരിക്കാൻ മുൻകൈയെടുക്കേണ്ട നമ്മുടെ ജില്ലാ സപ്ലൈ ഓഫീസർമാരുടെ സ്ഥലംമാറ്റത്തെക്കുറിച്ച് ഇന്ന് വലിയ ചർച്ച നടക്കുകയല്ലേ. 10 ലക്ഷം രൂപ കൈക്കൂലി കൊടുത്താലേ ഒരു സപ്ലൈ ഓഫീസർക്ക് കസേരയിലിരിക്കാൻ കഴിയൂയെന്ന അവസ്ഥയാണെന്ന് പത്രങ്ങൾപോലും എഴുതുന്നില്ലേ. ഇന്ന് അതുമായി ബന്ധപ്പെട്ട് അസോസിയേഷൻകാർ കേസ് കൊടുത്തിരിക്കുകയല്ലേ. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലെ ഏത് ഉദ്യോഗസ്ഥനേയും സ്ഥലം മാറ്റുകയാണ്. അവരെ തേരാപാരാ ഓടിക്കുകയാണ്. കാരണം പണം കൊടുക്കണം. എല്ലാ അരങ്ങുകളിലും അഴിമതി കൊടികുത്തി വാഴുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നമ്മുടെ പൊതുവിതരണമേഖലകളിൽ ഇ–ടെൻഡർ സമ്പ്രദായത്തിലൂടെ ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ സംവിധാനമൊരുക്കിയിരുന്നു. ഇന്ന് ആ ഇ–ടെൻഡർ സമ്പ്രദായത്തെ പാടെ തൂത്തെറിഞ്ഞുകൊണ്ട് കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ കൂടുതൽ കമ്മീഷൻ കിട്ടുന്ന ഉൽപ്പന്നങ്ങൾ വാങ്ങാൻ നിർദ്ദേശം കൊടുത്തിരിക്കുകയല്ലേ. ഇന്ന് മാവേലി സ്റ്റോറുകളിൽ സാധനമുണ്ടോ; ഇന്ന് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ സൂപ്പർ മാർക്കറ്റുകളിൽ സാധനമുണ്ടോ; നമ്മുടെ കൺസ്യൂമർഫെഡിന്റെ സ്ഥിതി എന്താണ്? അഴിമതിയുടെ കൂത്തരങ്ങായി കൺസ്യൂമർഫെഡ് മാറിയെന്നുള്ളതല്ലേ സത്യം. അങ്ങനെ എല്ലാ പൊതുവിതരണ മേഖലയേയും തകർത്ത് തരിപ്പണമാക്കി കരിഞ്ചന്തക്കാരനും പൂഴ്ത്തിവയ്പ്പുകാരനും കൊള്ളലാഭക്കൊതിയൻമാർക്കും കേരളത്തിലെ ജനങ്ങളെ എല്ലാ അർത്ഥത്തിലും അമ്മാനമാടാൻ അവസരമൊരുക്കുന്ന ഈ ഗവൺമെന്റ് ആരുടെ ഗവൺമെന്റാണ്? ജനങ്ങൾ നല്ലവണ്ണം കാണുന്നുണ്ട്. അതുകൊണ്ട് വളരെ

ഗൗരവതരമായ, ജനങ്ങളുടെ ജീവൽപ്രധാനമായ പ്രശ്നം അടിയന്തരമായി ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, വിലവർദ്ധനവ് അടക്കമുള്ള വിഷയങ്ങൾ നേരിടുവാൻ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകളും നടപടികളും നിലവിലുണ്ട്. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ പല അഭിപ്രായങ്ങളും ഇവിടെ അവതരിപ്പിച്ചു. അദ്ദേഹം സൂചിപ്പിച്ച വിവിധ കാര്യങ്ങളെക്കുറിച്ച് ആദ്യം മറുപടി പറയാം. ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെ കർശനമായ നിലയിലുള്ള പരിശോധനകൾ പൊതു വിപണിയിലും പൊതു വിതരണ കേന്ദ്രങ്ങളിലും നടക്കുന്നുണ്ട്. പരിശോധനകൾ ഇല്ല എന്ന നിലയിൽ പറയുന്ന കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കുന്നതല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം എന്റെ ആദ്യത്തെ പ്രസംഗത്തിൽ ഈ കാര്യങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയും ചെയ്തു. ഡിപ്പാർട്ടുമെന്റിന്റെ വിവിധ തരത്തിലുള്ള സ്ക്വാഡുകളോടൊപ്പംതന്നെ പോലീസ് സേനയുടെ സഹായവും കൂടി ഞങ്ങൾ വിനിയോഗിക്കുന്നുണ്ട്. ഈ പ്രശ്നം വളരെ കർശനമായ നിലയിൽ നേരിടുന്നതിനുള്ള നടപടികൾ ഇവിടെ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ജനുവരി മാസം ഏപ്രിൽ മാസം വരെ പന്ത്രണ്ടായിരത്തോളം പരിശോധനകളാണ് ഇന്ന് പൊതു മാർക്കറ്റിൽ നടത്തിയിട്ടുള്ളത്. ഈ പരിശോധനകളിൽ 52 സിലിണ്ടറുകൾ, പൂഴ്ത്തിവയ്പിൽ കണ്ടെത്തിയ അരി, ഗോതമ്പ് എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആറോളം പേരെ വിവിധ സന്ദർഭങ്ങളിലായി പോലീസ് അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ഇത്തരത്തിലുള്ള നടപടികൾ ഞങ്ങൾ സ്വീകരിക്കുന്നത് ഇനിയും ഇത്തരം സംഭവ

ങ്ങൾ ആവർത്തിക്കരുത് എന്ന നിർബന്ധമുള്ളതുകൊണ്ടാണ്. ഇങ്ങനെ കാണുന്ന ഏതെങ്കിലും സാഹചര്യങ്ങളെ കർശനമായി നേരിടുക എന്നുള്ളത് ഈ ഗവൺമെന്റിന്റെ നയം തന്നെയാണ്. ഉറപ്പായിട്ട് പറയാൻ കഴിയുന്ന ഒരു കാര്യം കഴിഞ്ഞ കാലങ്ങളിലുള്ളതിൽ നിന്ന് വ്യത്യസ്തമായ കർശന പരിശോധനാസംവിധാനങ്ങൾ ഇന്ന് പൊതു വിപണിയിലേക്ക് കൊണ്ടു വരുവാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വിലവിവര പട്ടിക അടക്കം പ്രദർശി പ്പിക്കാത്ത സാഹചര്യങ്ങളുണ്ട്. കഴിഞ്ഞ ദിവസം കൂടിയ ഒരു മീറ്റിംഗിൽ കൃത്യമായ നിർദ്ദേശം കൊടുത്തത് ഇതിനുവേണ്ടിയാണ്. വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത സാഹചര്യങ്ങളെ വളരെ കർക്കശ സ്വഭാവത്തോടുകൂടി തന്നെ നേരിടുവാനും അത്തരക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുവാനും പരമാവധി അയ്യായിരം രൂപ വരെ ഫൈൻ ഈടാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇത് ആവർത്തിക്കുന്ന സന്ദർഭങ്ങളുണ്ടെങ്കിൽ അവർക്കെതിരെ പ്രോസി ക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുവാനും ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരളത്തിന് അർഹതപ്പെട്ടത് ലഭ്യമാക്കുവാൻ ഈ ഗവൺമെന്റ് വളരെ കൃത്യമായ നിലയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 2012–2013 – ലാണ് ഏറ്റവും കൂടുതൽ അലോട്ട്മെന്റ് കേരളത്തിലേക്ക് ലഭിച്ചത്. 17,78,000 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് ഈ കാലയളവിൽ കേരളത്തിന് ലഭിച്ചത്. അഞ്ചുവർഷത്തെ കണക്കെടുത്താൽ ഏറ്റവും കൂടുതൽ കിട്ടിയതും ഈ പ്രാവശ്യമായിരുന്നെന്ന് മനസ്സിലാകുന്നതാണ്. 2014–15–ൽ ലഭിച്ചിരിക്കുന്നത് 15,91,000 മെട്രിക് ടണ്ണാണ് നമുക്ക് ലഭ്യമായിട്ടു ള്ളത്. കേരളത്തിന് അർഹതപ്പെട്ടത് കിട്ടുന്ന കാര്യത്തിൽ യാതൊരു വീഴ്ചയും കൊണ്ടുവരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കേന്ദ്ര

ഗവൺമെന്റിനോട് നിരന്തരമായി സാധനങ്ങളുടെ അലോട്ട്മെന്റിനെക്കുറിച്ചും അഡീഷണൽ അലോട്ട്മെന്റിനെക്കുറിച്ചും ആവശ്യപ്പെടാറുണ്ട്. സന്ദർഭങ്ങൾക്കനുസൃതമായി അതായത് ഉത്സവകാലമടക്കമുള്ള സന്ദർഭങ്ങളിൽ ആവശ്യത്തിനനുസൃതമായ ഭക്ഷ്യധാന്യങ്ങൾ നേടിയെടുക്കുവാനും കേരളത്തിന് കഴിയുന്നുണ്ട്. ഇവിടെ മണ്ണെണ്ണയുടെ അലോട്ടുമെന്റിൽ കുറവുണ്ട്. ഇതിനുമുമ്പും ഈ നിയമസഭയിൽ ഇതിനുള്ള മറുപടി ഞാൻ പറഞ്ഞിട്ടുണ്ട്. അലോട്ട്മെന്റിന്റെ കുറവ് പലപ്പോഴും മണ്ണെണ്ണയുടെ കാര്യത്തിൽ വരുമ്പോൾ അതിന്റെ വിതരണ തോതും കുറയ്ക്കേണ്ട സാഹചര്യങ്ങൾ പലപ്പോഴും വരാറുണ്ട്. അതിന് ഗവൺമെന്റിന് പലപ്പോഴും നിർബന്ധിതരാകുന്നു എന്നുള്ളതാണ് ഇതിന്റെ വസ്തുത. ഡൽഹിയിൽ പോയി മിനിസ്റ്ററെ നേരിട്ട് കണ്ട സന്ദർഭത്തിൽ മണ്ണെണ്ണയുടെ അളവിൽ കൂടുതൽ അലോട്ടുമെന്റ് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. കിട്ടുന്ന അലോട്ടുമെന്റ് നീതിയുക്തമായ നിലയിൽ വിതരണം ചെയ്യുക എന്നുള്ളത് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നുമുണ്ട്. ഇവിടെ ഇവയെല്ലാം സംഭരിക്കുവാനുള്ള സംവിധാനങ്ങളുടെ കുറവിനെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ഈ പ്രശ്നം നബാർഡിന്റെ ധനസഹായത്തോടുകൂടി ആറ് പുതിയ ഗോഡൗണുകൾ ഉണ്ടാക്കുന്നതിനുള്ള സ്പെയ്സ് കണ്ടെത്തിയിട്ടുമുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ നടക്കുന്നതാണ്. സപ്ലൈകോയിൽ സബ്സിഡി ഇനങ്ങളുടെ എണ്ണം കുറച്ചിട്ടില്ല. പതിമൂന്ന് ഇന സബ്സിഡി സാധനങ്ങൾ ഇന്നും സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ട്. ഈ സാധനങ്ങൾ കുറച്ചു എന്നു പറയുന്നത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. ഇതിൽ കടുക്, ഉലുവ തുടങ്ങിയ ഐറ്റംസ് മാറ്റിയിട്ടുണ്ട്. അതിനുപകരം അരിയും വെളിച്ചെണ്ണയുമൊക്കെ ഉൾപ്പെടുത്തിയിട്ടുമുണ്ട്. അങ്ങനെ പതിമൂന്ന് ഇന

സബ്സിഡി സാധനങ്ങൾ റിവൈസ് ചെയ്യുകയാണ് ചെയ്തത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഒരു കിലോ നോൺ സബ്സിഡി സാധനങ്ങൾ കൊടുക്കും. നോൺ സബ്സിഡി വിലയ്ക്ക് കൊടുക്കുന്നതാണ്. സബ്സിഡി വിലയ്ക്ക് കൊടുക്കുന്നത് ഒരു കിലോവരെ മാത്രമേയുള്ളു. ഇവിടെ പറയുന്ന അരി ഒഴിച്ച് ബാക്കി പതിമൂന്ന് ഐറ്റംസ്സും ഒരു കിലോവരെയാണ് ഒരു കാർഡുടമയ്ക്ക് സബ്സിഡിയായി കൊടുക്കുന്നത്. അതിൽ കൂടുതൽ നോൺ സബ്സിഡി നിരക്കിലാണ് ഉപഭോക്താവിന് കെടുക്കുന്നത്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഇതിൽ ഒരു അഷ്വറൻസ് നൽകാൻ സാധിക്കില്ല. തീർച്ചയായിട്ടും അതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. റേഷൻകടക്കാരുടെ പ്രശ്നങ്ങളും ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അവരെ സാലറി എംപ്ലായീസ് ആക്കുക എന്നുള്ളത് സാദ്ധ്യമായ ഒരു കാര്യമല്ല. പക്ഷേ, അവരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾ എടു ക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഭാരവാഹികൾ മിക്കപ്പോഴും ഞാനുമായി നടത്തിയ ചർച്ചകളിലൊക്കെ ഈ വിഷയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അവരെ വയബിളായി കൊണ്ടുവരുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. നഷ്ടം സഹിച്ച് റേഷൻ വ്യാപാരി കച്ചവടം നടത്തണമെന്ന് ഗവൺമെന്റ് പറയില്ല. അതുകൊണ്ടുതന്നെ അവർക്ക് മാന്യമായ നിലയിൽ തൊഴിലെടുക്കുവാനും ലാഭകരമായ നിലയിൽ വരുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കാൻ വേണ്ടി വർദ്ധനവിലേയ്ക്ക് കൊണ്ടുവരുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പക്ഷേ, അവർക്ക് വേതനവ്യവസ്ഥ കൊടുക്കുക എന്നുള്ളത് സാദ്ധ്യമായ കാര്യമല്ല. ഇവിടെ എ.പി.എൽ.–കാർക്ക് ആറുകിലോ അരിയായി കുറച്ചിട്ടില്ല. എ.പി.എൽ.

ബി.പി.എൽ. അടക്കമുള്ള കാർഡുടമകൾക്ക് 25 കിലോ അരി വിതരണം ചെയ്യുവാൻ ഗവൺമെന്റിന് കഴിയുന്നുണ്ട്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വില വർദ്ധിച്ചിട്ടില്ല എന്നൊക്കെ പറയുമ്പോൾ അതിന്റെ ഒരു കണക്ക് ഞാനെടുത്തു. 2008–ൽ കേരളത്തിൽ ഒരു കിലോ അരിയ്ക്ക് 19 രൂപ വില ഉണ്ടായിരുന്നപ്പോൾ, നിങ്ങൾ ഭരണം വിട്ടൊഴിയുന്ന സന്ദർഭങ്ങളിൽ 2011 ആയപ്പോൾ 26 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ കാര്യങ്ങളിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകാറുണ്ട്. അതു കൊണ്ടാണ് ഞാൻ ആദ്യമേ സൂചിപ്പിച്ചത് കേരളം ഒരു ഉപഭോക്തൃ സ്റ്റേറ്റാണെന്ന്. ഉപഭോക്തൃ സംസ്ഥാനമായ കേളത്തിൽ സ്വാഭാവികമായും വില വർദ്ധനവ് വരികയും അത് നേരിടുകയും അതിനെ തടയുകയും ആ വർദ്ധനവിൽ അതിന്റെ പ്രതിസന്ധികൾ ജനങ്ങളിലേക്ക് വരാതിരിക്കുക എന്നുള്ളതാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അദ്ദേഹം പറഞ്ഞത് 16 എം.ഡി.മാർ വന്നു എന്നാണ്. ഇത് അദ്ദേഹത്തിന്റെ ഭാവനയിൽ നിന്ന് പറയുന്ന കാര്യങ്ങളാണ്. പതിനാറ് എം.ഡി. മാരൊന്നും സപ്ലൈകോയിൽ വന്നിട്ടില്ല. സ്ഥലം മാറ്റങ്ങളെല്ലാം മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് ഡി.എസ്.ഒ.–മാർ ഉൾപ്പെടെയുള്ളവർക്ക് നടത്തുന്നത്. അല്ല എന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചാൽ ഞാൻ അതിന് മറുപടി പറയാം. കാട് അടച്ച് വെടിവച്ച് പോകേണ്ട ആവശ്യമില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ സാധനങ്ങൾ മാത്രം വാങ്ങുന്നു എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ സാധനങ്ങൾ മാത്രമാണോ സപ്ലൈകോയിലുള്ളത്? നമുക്ക് ഒരുമിച്ച് സപ്ലൈകോയിലേക്ക് പോകാം. അവിടെ എല്ലാ ഉല്പന്നങ്ങളും ചെറുകിട വ്യാപാരികളടക്കമുള്ള എല്ലാവരുടെയും ഉൽപ്പന്നങ്ങൾ

അവിടെ ലഭ്യമാണ്. നാളെ അതിനെ സംബന്ധിച്ചൊരു ക്വസ്റ്റ്യനും ഫ്ളോറിൽ വരുന്നുണ്ട്. കുടുംബശ്രീ അടക്കം എല്ലാ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അടക്കം എല്ലാവരുടെയും ഉൽപ്പന്നങ്ങളും സപ്ലൈകോയിൽ ലഭ്യമാണ്. അല്ലാതെ കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ മാത്രമല്ല സപ്ലൈകോ യിൽ ലഭ്യമാക്കിയിരിക്കുന്നത്. റീ-ടെന്റർ അടക്കം വളരെ കൃത്യമായ നില യിൽ സപ്ലൈകോയുടെ പ്രവർത്തനങ്ങൾ ഇന്ന് നടക്കുന്നുണ്ട്. അതുകൊണ്ടു തന്നെ വളരെ നീതിയുക്തമായ സേവനം ജനങ്ങൾക്ക് എത്തിക്കുവാനും സാധിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഞാൻ ചുമതല ഏറ്റെടുത്തതിനുശേഷം 129 ഔട്ട്ലെറ്റുകളാണ് സപ്ലൈകോ ആരംഭം കുറിച്ചത്. കൂടാതെ 82 മാവേലി സ്റ്റോറുകൾ, 29 സൂപ്പർ മാർക്കറ്റുകൾ, 6 പീപ്പിൾസ് ബസാർ, ഒരു ഹൈപ്പർ മാർക്കറ്റ്, അതോടൊപ്പം 12 സഞ്ചരിക്കുന്ന മോട്ടോർ മൊബൈൽ മാവേലി വാഹനങ്ങളും ഇന്ന് നിരത്തിൽ ഇറങ്ങിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി 129 ഔട്ട്ലെറ്റുകൾ തുടങ്ങിയി ട്ടുണ്ട്. രണ്ടു വർഷത്തിനിടയ്ക്ക് വളരെ കൃത്യതയോടും കൂടി ഇതിന്റെ പ്രവർത്തനങ്ങള നടക്കുന്നുണ്ട്. കൂടാതെ ഏഴോളം മെഡിക്കൽ സ്റ്റോറുകളും ഇന്ന് പുതുതായി ആരംഭം കുറിക്കുവാൻ കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് സാധിച്ചിട്ടുണ്ട്. ഈ കണക്കുകളെല്ലാം ഇവിടെ രേഖപ്പെടുത്തുവാനുള്ള കാരണം ഇതിന്റെ പ്രവർത്തനങ്ങൾ വളരെ കൃത്യതയോടുകൂടി മുന്നോട്ടു പോകുന്നു എന്നതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാനാണ്. ഇങ്ങനെ യൊക്കെയാണ് വസ്തുതകൾ എങ്കിൽ പോലും തീർച്ചയായിട്ടും ഇവിടെ വില വർദ്ധനവ് അടക്കമുള്ള കാര്യങ്ങൾ നേരിടുവാൻ ഗവൺമെന്റിന് സാധ്യമായ നിലയിൽ എല്ലാ നടപടികളും സ്വീകരിക്കും. ജനങ്ങൾക്ക് അതിന്റെ

ബുദ്ധിമുട്ടുകൾ വരാതെ തീർച്ചയായിട്ടും അവരെ സംരക്ഷിക്കുക എന്ന വലിയ ഉത്തരവാദിത്തം കൃത്യതയോടെ തന്നെ ഗവൺമെന്റ് നിർവ്വഹിക്കും എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് സഭ നിർത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ വിഷയത്തിന്മേൽ ഭക്ഷ്യ വകുപ്പുമന്ത്രി വിശദമായ മറുപടി പറഞ്ഞു. എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ പറയാനുള്ളൂ. വിലക്കയറ്റം സംബന്ധിച്ച് പ്രമേയം അവതരിപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളിൽ പ്രായോഗികമായവ നിശ്ചയമായും ഗവൺമെന്റ് ഉൾക്കൊള്ളും. ഇന്ന് ജനങ്ങളെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റം തന്നെയാണ്. വിലക്കയറ്റത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യണമെന്നുതന്നെയാണ് ഇരുപക്ഷത്തുമുള്ളവരുടെ അഭിപ്രായം. അത് അറിഞ്ഞുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് ഇതുവരെ പ്രവർത്തിച്ചിട്ടുള്ളത്. പൊതു വിതരണ വില നിയന്ത്രണ ഉത്തര വാദിത്തത്തിൽനിന്നും ഭക്ഷ്യ വകുപ്പ് പിന്മാറിയതായി ഇന്നത്തെ നോട്ടീസിൽ നിങ്ങൾ പറഞ്ഞു. അത് ശരിയാണോ എന്ന് പരിശോധിക്കണം. കാരണം കഴിഞ്ഞ മൂന്നുവർഷക്കാലം റേഷൻ സബ്സിഡിക്കുപുറമെ പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ ജനങ്ങളിൽ എത്തിക്കാൻ വേണ്ടി ഈ ഗവൺമെന്റ് കൊടുത്തിരിക്കുന്ന സബ്സിഡി 573.5 കോടി രൂപ യാണ്. 2010–11–ൽ ഇടതുപക്ഷ ജനാധിപത്യ മുണന്നി ഗവൺമെന്റിന്റെ അവസാന കാലത്ത് 76 കോടി രൂപയുടെ സബ്സിഡി മാത്രമാണ് നൽകി

യതെങ്കിൽ കഴിഞ്ഞ മൂന്നുവർഷക്കാലംകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡറേഷനുംകൂടി 573.5 കോടി രൂപയുടെ സബ്സിഡിയാണ് നൽകിയത്. സാമ്പത്തിക ബുദ്ധിമുട്ടുള്ള ഈ കാലഘട്ടത്തിൽ റേഷൻ സബ്സിഡിക്കുപുറമെ ഇത്രയും വലിയൊരു തുക കണ്ടെത്തിയത് വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിലുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥതയാണ് കാണിക്കുന്നത്. മുഴുവൻ വിജയിച്ചു എന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ എത്രമാത്രം ആത്മാർത്ഥതയോടുകൂടിയാണ് പ്രവർത്തിച്ചത് എന്നത് വ്യക്തമാക്കുന്നതിന് സബ്സിഡിയുടെ ഈ കണക്കുമതിയാകും. ബഹുമാനപ്പെട്ട മെമ്പർ വെളിച്ചെണ്ണയുടെ വിലവർദ്ധനവിനെക്കുറിച്ച് പറഞ്ഞു. ഈ സഭയിൽ എത്രയോ പ്രാവശ്യം നാളികേരത്തിന്റെ, വെളിച്ചെണ്ണയുടെ വിലയിടിവിനെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. കർഷകന് വിലകിട്ടുന്നില്ല...... വെളിച്ചെണ്ണയുടെ വിലയെക്കുറിച്ചു പറയുമ്പോൾ രണ്ടു വശമുണ്ട്. ആ രണ്ട് വശവും നാം അംഗീകരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പി. തിലോത്തമൻ: സർ, സപ്ലൈകോ വഴി വിതരണം ചെയ്യേണ്ട ശബരി വെളിച്ചെണ്ണ അവിടെ വിതരണം നടത്തുന്നില്ല. അത് വേറെ വഴിക്ക് പോകുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതെല്ലാം ഇതിൽ വരുന്ന പോരായ്മകളാണ്. അത് കണ്ടെത്തി ഇതിന് പരിഹാരമുണ്ടാക്കാം. അതാണ് ഞാൻ ആദ്യം പറഞ്ഞത്, ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങൾ ആര് ഉന്നയിച്ചാലും അത് പൂർണ്ണമായും ഉൾക്കൊള്ളുമെന്ന്. ഇന്ന് ജനങ്ങളെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റം തന്നെയാണ്. അത് ഉൾക്കൊണ്ടുതന്നെയാണ്

ഗവൺമെന്റ് പ്രവർത്തിക്കുന്നത്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക, നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡറേഷൻ എന്നിവ വഴി കഴിയുന്നത്ര എത്തിക്കുക, ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നതിനുള്ള സംവിധാനം...... ഇന്നിപ്പോൾ ഹോട്ടലുകളിൽ ഓരോ സാധനത്തിന്റെയും വില പരസ്യപ്പെടുത്തണം എന്ന് വളരെ ശക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്നുള്ളതും ഗവൺമെന്റിന്റെ പരിഗണനയിലാണ്. അതോടൊപ്പം പച്ചക്കറി വിതരണത്തിന്റെ കാര്യത്തിലും പ്രത്യേക നിയന്ത്രണമേർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ക്രിയാത്മകമായിട്ടുള്ള ഏത് നിർദ്ദേശവും ഗവൺമെന്റ് ഉൾക്കൊള്ളും എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ ജനവിധിയെക്കുറിച്ച് പറഞ്ഞു. ഇതൊരു രാഷ്ട്രീയ ചർച്ച അല്ലാത്തതുകൊണ്ട് ഞാൻ മറുപടി പറയുന്നില്ല. എന്നാലും അങ്ങ് ഇവിടെയല്ല പറയേണ്ടത്. അങ്ങയുടെ നേതാക്കന്മാരോടാണ് ഈ ആത്മവിശ്വാസം പ്രകടിപ്പിക്കേണ്ടത്. കാരണം അവരുടെ വിലയിരുത്തലും പ്രസ്താവനകളും കാണുമ്പോൾ ഒരു തെരഞ്ഞെടുപ്പിൽ സീറ്റ് കുറഞ്ഞുപോകുകയോ അല്ലെങ്കിൽ തോറ്റുപോകുകയോ ചെയ്തെങ്കിൽ ഇത്രയും നിരാശപ്പെടേണ്ടതുണ്ടോ? അതുകൊണ്ട് ഇവിടെയല്ല അങ്ങയുടെ നേതാക്കന്മാരോടാണ് അത് പറയേണ്ടത് എന്ന് ഞാൻ സൂചിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: വാക്കൗട്ട് നടത്തുന്നു എന്നൊന്നും പറഞ്ഞില്ല. അതുകൊണ്ട് മറ്റ് കമന്റൊന്നും പാടില്ല. അടിയന്തരപ്രമേയത്തിന്റെ

കൺക്ലൂഷനുമുമ്പ് നേരത്തെ വന്ന ഒരു വിഷയത്തിന്മേൽ ചെയർ റൂളിംഗ് നൽകുകയാണ്. അംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിലെ 6 (എ) പ്രകാരം ശ്രീമതി ജമീലാപ്രകാശത്തിന്റെ പ്രസംഗത്തിലെ ഉദ്ധരണികളുമായി ബന്ധപ്പെട്ട രേഖകൾ മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ശ്രീമതി. ജമീലാ പ്രകാശം: സർ, രേഖകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അടിയന്തരപ്രമേയത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞതേയുള്ളൂ. അവതരണാനുമതി കൊടുക്കുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഒന്നും പറഞ്ഞില്ല.

മി. സ്പീക്കർ: സോറി, ഞാൻ പറയാം. പെട്ടെന്ന് ഈ വിഷയത്തിലേയ്ക്ക് കടന്നുപോയതുകൊണ്ടാണ്. ബഹുമാനപ്പെട്ട മന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുഖ്യമന്ത്രി എല്ലാം പറഞ്ഞവസാനിപ്പിച്ചതായി സൂചന ലഭിച്ചില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് ലഭിച്ചെങ്കിൽ അടുത്ത നടപടിയിലേക്ക് കടക്കാം.

മി. സ്പീക്കർ: അതല്ല. അടുത്ത നടപടിയിലേയ്ക്ക് പോകുന്നതിനു മുമ്പ് എല്ലാവരുമുള്ളപ്പോൾ ഈ വിഷയം പറയണമെന്നേ വിചാരിച്ചുള്ളൂ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അത് മനസ്സിലായി. വിലക്കയറ്റത്തെ സംബന്ധിച്ച് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞ കാര്യങ്ങളോട്

യാതൊരു യോജിപ്പുമില്ല. ഈ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടിയാണോ കൊളളക്കാർക്കും തട്ടിപ്പുകാർക്കും വേണ്ടിയാണോ നിലകൊള്ളുന്നത് എന്നുളളത് സംശയാസ്പദമാണ്. ജനങ്ങളേയും അവരുടെ നിത്യജീവിത ത്തേയും ബാധിക്കുന്ന ഒരു കാര്യവും ഇവിടെ ചർച്ച ചെയ്യാൻ സർക്കാർ സമ്മതിക്കുന്നില്ല. വിദ്യാർത്ഥികളെ പോലീസ് തല്ലിച്ചതയ്ക്കുന്നു. ഇന്നലെ നാം അത് കണ്ടു. എല്ലാ വിഭാഗം ആളുകളേയും ബാധിക്കുന്ന വിലക്കയറ്റ പ്രശ്നമല്ലേ പ്രതിപക്ഷം ഇന്നിവിടെ ഉന്നയിച്ചത്. അത് അപ്പുറത്തിരി ക്കുന്നവരേയും ബാധിക്കുന്ന പ്രശ്നമല്ലേ; എന്നിട്ടും നിങ്ങൾ നിഷേധാത്മക മായ സമീപനം സ്വീകരിക്കുകയാണ്. ജനവിരുദ്ധമായിത്തന്നെ മുന്നോട്ടു പോകുമെന്നല്ലേ നിങ്ങൾ പറയുന്നത്. ജനങ്ങളെ ബാധിക്കുന്ന ഏത് പ്രശ്നം വരുമ്പോഴും തികച്ചും നാണംകെട്ട നിലപാടല്ലേ ഈ സർക്കാർ സ്വീകരിക്കുന്നത്; ഉപ്പുതൊട്ട് കർപ്പൂരംവരെ ഏത് സാധനങ്ങൾക്കാണ് വില കയറാതിരിക്കുന്നത്; ഇത് ആലങ്കാരികമായി പറയുന്നതാണോ? എല്ലാ സാധന ങ്ങൾക്കും തീ വിലയല്ലേ കൊടുക്കേണ്ടിവരുന്നത്; പണ്ടൊക്കെ കടകളിൽനിന്നും സൗജന്യമായി കിട്ടിയിരുന്ന ഉപ്പിനുപോലും 20 ഉം 25 ഉം രൂപയല്ലേ നൽകേണ്ടിവരുന്നത്. മൂന്നുവർഷംമുമ്പ് ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വരുമ്പോൾ 18 രൂപ മുതൽ 20 രൂപവരെയായിരുന്ന ഒരു കിലോ അരിയുടെ വില ഇപ്പോൾ 40 രൂപ മുതൽ 45 രൂപവരെ ആയില്ലേ. ഇരട്ടിയോളമല്ലേ വില വർദ്ധിച്ചിരിക്കുന്നത്; രണ്ടര ഇരട്ടി എന്നുപറഞ്ഞാൽ 250% വില വർദ്ധിച്ചു എന്നാണർത്ഥം. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും അരി ആഹാരം കഴിക്കുന്നവരല്ലേ; അവരാരും ഈ വില വർദ്ധനവ് അറിഞ്ഞിട്ടില്ലെ ന്നുണ്ടോ; ‘എട് കുടുക്കേ ചോറും കറിയും’ എന്നു പറയുന്നപോലെ മുഖ്യ

മന്ത്രിയുടേയും മന്ത്രിമാരുടേയും കയ്യിൽ ആഹാരം കഴിക്കാൻ വല്ല ജാലവിദ്യയുമുണ്ടോ? പഞ്ചസാരയുടെ വില എത്രയാണ്; ശ്രീ. ഉമ്മൻ ചാണ്ടി അധികാരത്തിൽ വരുമ്പോൾ പതിനാലോ പതിനഞ്ചോ രൂപയായിരുന്നു ഒരു കിലോ പഞ്ചസാരയുടെ വില. ഇപ്പോഴത് 35 മുതൽ 40 രൂപവരെയായി. ഇവിടെയും രണ്ടിരട്ടിയിലേറെ വില വർദ്ധിച്ചിരിക്കുകയാണ്.

നമ്മുടെ വീടുകളിൽ നിത്യവും അവശ്യം വേണ്ട സാധനമാണ് വെളിച്ചെണ്ണ. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു കിലോ വെളിച്ചെണ്ണയുടെ വില 60 രൂപ മുതൽ 65 രൂപ വരെയായിരുന്നു. ഇന്ന് അതിന്റെ വില 175 രൂപയായിരിക്കുന്നു. രണ്ടരയിരട്ടിലധികം വില വെളിച്ചെണ്ണയ്ക്ക് വർദ്ധിച്ചു. ഒരു രൂപയ്ക്ക് ലഭിച്ചിരുന്ന മത്തിക്ക് ഇന്ന് 10 ഉം 20 രൂപ വിലയായി വർദ്ധിച്ചു. കടപ്പുറത്ത് മത്തിയില്ല. അയലയുടെ കാര്യം പറയാനുമില്ല. അയലയ്ക്ക് 40 രൂപ മുതൽ 60 രൂപ വരെയാണ് വില കൊടുക്കേണ്ടിവരുന്നത്. നാലോ അഞ്ചോ രൂപയ്ക്ക് ലഭിച്ചിരുന്ന പച്ച കപ്പ ഇപ്പോൾ 20 രൂപ മുതൽ 30 രൂപ വരെയാണ് വില വർദ്ധിച്ചിരിക്കുന്നത്. ഉയർന്ന ഹോട്ടലുകളിൽ മാത്രമേ ഇപ്പോൾ പച്ച കപ്പ ലഭിക്കുകയുള്ളു. എന്നാൽ സാധാരണ ഹോട്ടലുകളിലൊന്നും ഇപ്പോൾ പച്ച കപ്പ ലഭിക്കാറില്ല. ഇപ്പോൾ അതിന്റെ വില 35 രൂപ വരെയായി എന്നാണ് എന്റെ സഹപ്രവർത്തകർ പറയുന്നത്. കേരളത്തിലെ സാധാരണ ജനങ്ങളുടെ ആരോഗ്യത്തിനടിസ്ഥാനമായിരുന്ന കപ്പയും മീനും ഇപ്പോൾ നിങ്ങളുടെ ഏതെങ്കിലും സംസ്ഥാനങ്ങളിൽ ലഭിക്കുന്നുണ്ടോ? നിത്യവും ഉപയോഗിക്കുന്ന എല്ലാ സാധനങ്ങൾക്കും

സമാനമായ രീതിയിൽ വില കുതിച്ചു കയറിക്കൊണ്ടിരിക്കുകയാണ്. എല്ലാ സാധനങ്ങളുടേയും വില ഞാൻ ഇവിടെ വിവരിക്കുന്നില്ല. ഇപ്പോൾ പച്ചക്കറികൾക്ക് പൊള്ളുന്ന വിലയാണ്. ഇങ്ങനെ എല്ലാ സാധനങ്ങൾക്കും അതിഭീകരമായി വില വർദ്ധിച്ചുവരുമ്പോൾ സർക്കാർ സംവിധാനം നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. ഈ പ്രതിസന്ധിയിൽ ജനങ്ങൾക്ക് ആശ്വാസം പകരേണ്ട സർക്കാരിന്റെ സമാന സ്ഥാപനങ്ങളായ സപ്ലൈകോയും കൺസ്യൂമർ ഫെഡും ഹോർട്ടി കോർപ്പുമൊക്കെ എന്താണ് ചെയ്യുന്നത്? മുൻകാലങ്ങളിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ നായരെ പോലുള്ള പ്രഗത്ഭന്മാർ ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ജനങ്ങൾക്ക് ആശ്വാസവും ആശ്രയവുമായി മാറിയിരുന്ന ഈ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതി എന്താണ്? ഭക്ഷ്യവകുപ്പിന്റെ ചുമതലയുള്ള മന്ത്രിക്ക് മൂന്നു വർഷം കഴിഞ്ഞിട്ടും ഇവിടെ എന്താണ് നടക്കുന്നതെന്നുപോലും അറിയില്ല. വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട് എന്നുപറയുന്നതുപോലെ അദ്ദേഹം എന്തൊക്കെയോ സഭയിൽ തട്ടി വിടുകയാണ്. സർക്കാരിന്റെ സപ്ലൈകോ സ്ഥാപനം അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. എന്റെ കയ്യിൽ കഴിഞ്ഞ ലക്കം മാധ്യമം വാരികയുണ്ട്. അതിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയെ സംബന്ധിച്ച് വളരെ വിശദമായി ഓരോ കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. എന്റെ കയ്യിലുള്ള ഈ വാരിക ബഹുമാനപ്പെട്ട സ്പീക്കർ മനസ്സിലാക്കുന്നതിനുവേണ്ടി ഞാൻ നൽകുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിതരണമല്ല, മറിച്ച് അവിടെ അഴിമതിയുടെ പൊതു വിതരണമാണ് നടക്കുന്നതെന്നാണ് ആ ലേഖനത്തിൽ പറയുന്നത്. 5,400 കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ് ഈ ലേഖനത്തിൽ

പറയുന്നത്. ഭക്ഷ്യവകുപ്പ് അധോലോകത്തിനുസമാനമാണെന്നും ഇതിൽ പറയുന്നുണ്ട്. പുര കത്തുമ്പോൾ വാഴ വെട്ടുന്നുവെന്ന് പറയുന്നതുപോലെ യാണ്. ജനങ്ങൾ വിലക്കയറ്റത്തിൽ ഞെരിപിരി കൊള്ളുമ്പോൾ സപ്ലൈകോയും കൂട്ടരും പള്ളയും കീശയും വീർപ്പിക്കാനുള്ള ഉപാധികളായി മാറ്റുന്നത്. ഈ ലേഖനത്തിൽ നിന്ന് മന്ത്രി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നതെങ്ങനെയാണെന്ന് എല്ലാവർക്കും ബോദ്ധ്യമാകും. ഗവൺമെന്റ് കണക്കുകളനുസരിച്ച് കേരള സർക്കാരിന്റെ ന്യായവില കടകൾ തകർന്നുകൊണ്ടിരിക്കുകയാണ്. 250 മുതൽ 350 വരെ റീട്ടെയിൽ ഷോപ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കേരളത്തിലെ എല്ലാ പഞ്ചായത്തു കളിലും കോർപ്പറേഷനുകളിലും ന്യായവിലക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാൻ വേണ്ടി മാവേലി സ്റ്റോറുകളും മറ്റും പ്രവർത്തിക്കുന്നുണ്ടെങ്കിലും അതൊന്നും കാര്യക്ഷമമല്ല. 40 ശതമാനത്തോളം റേഷൻ കാർഡുടമകളുടെ പൊതു വിതരണ മേഖലയിൽ ഉപഭോക്താക്കളില്ല. അതുകൊണ്ട് ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട മിനിമം 45,000 ടൺ അരി ഓരോ വർഷവും സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തു ചെയ്യുകയാണ്? ഇതുസംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്കും സർക്കാരിനും എന്തെങ്കിലും വിവരമുണ്ടോ? ഈ ലേഖന മെങ്കിലും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയോട് വായിച്ചു പഠിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ പറയണം. അങ്ങനെയെങ്കിലും അദ്ദേഹം തന്റെ വകുപ്പിൽ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കട്ടെ. പ്രതിപക്ഷത്തുനിന്നുള്ള മെമ്പർമാർ വിലക്കയറ്റത്തെ സംബന്ധിച്ച് പ്രസംഗിക്കുമ്പോൾ അദ്ദേഹം പഠിച്ചുകൊണ്ടാണെന്ന് തോന്നുന്നില്ല, എന്തോ ചിലതൊക്കെ കുത്തിക്കുറിച്ചു കൊണ്ടുവന്നതിനുശേഷം വായിക്കുകയാണ് ചെയ്യുന്നത്. ഈ നാട്ടിലെ

ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിലക്കയറ്റത്തെ സംബന്ധിച്ച് അടുത്ത വീട്ടുകാരോടെങ്കിലും മനസ്സിലാക്കാനുള്ള മനോഭാവമുണ്ടായിരുന്നെ ങ്കിൽ അദ്ദേഹം സഭയിൽ വന്ന് പറഞ്ഞ കാര്യങ്ങളൊന്നും എഴുന്നള്ളിക്കാൻ തയ്യാറുകുമെന്ന് ഞാൻ കരുതുന്നില്ല. ഇത്തരം ഗുരുതരപ്രശന്ങ്ങൾ ചർച്ച ചെയ്തുകൂടായെന്ന നിലപാടാണ് സർക്കാരിന്റേതാണെന്നാണ് മുഖ്യമന്ത്രി യുടെ മറുപടിയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. അദ്ദേഹവും വളരെ സംതൃപ്തനാണ്. മുൻകാല ഗവൺമെന്റുകളേക്കാൾ എല്ലാം ആശ്വാസകര മായ നിലയിൽ, കേരളത്തിലെ ജനങ്ങൾക്ക് വിലക്കയറ്റത്തിൽനിന്നും ആശ്വാസം നൽകാനുള്ള നടപടിയെടുത്തു കഴിഞ്ഞൂവെന്നാണ് അദ്ദേഹം വളരെ സംതൃപ്തനായി സഭയിൽ മറുപടി പറഞ്ഞിരിക്കുന്നത്. ജനങ്ങളുടെ ജീവിതവും കേരളത്തിലെ സാമാന്യ ജനങ്ങൾ അനുഭവിക്കുന്ന വിഷമതകളും എന്താണെന്ന് മനസ്സിലാക്കി അതിനു പരിഹാരം കാണാൻ പ്രതിപക്ഷത്തേയും ഈ സംസ്ഥാനത്തെ ജനങ്ങളുടെയും പിന്തുണ നേടി പോകാൻ കഴിയുന്നതി നുപകരം ജനങ്ങളുടെ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത മറുപടി പറഞ്ഞ് എന്തു പറഞ്ഞാലും പോലീസ് ഉണ്ട് വേണമെങ്കിൽ പട്ടാളത്തെ വിളിക്കും എന്നെല്ലാമുള്ളനിലയിൽ കഴിയുന്ന ഒരു ഗവൺമെന്റിനോട് വിലക്ക യറ്റത്തെ സംബന്ധിച്ച് പറഞ്ഞിട്ട് എന്താണ് കാര്യം? യാതൊരു ഫലവുമില്ല. പോലീസിനേയും പട്ടാളത്തേയും വരുത്തുമെന്ന് പറഞ്ഞാൽ അതങ്ങനെ പറയാൻ തയ്യാറുകുന്നില്ലെങ്കിലും മനോഭാവം കൊണ്ടാണ്. ഇത് ശരിയല്ല. ഇത് തിരുത്തണം. വിലക്കയറ്റത്തെ സംബന്ധിച്ച് കർശനമായ നടപടി സ്വീകരിക്കാനുള്ള നിലപാടെടുക്കണം. അതിനു സാധിക്കാത്ത ഈ ഗവൺമെന്റിന്റെ നയ സമിപനത്തിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടി പ്രവർത്തകരും വാക്ക് ഔട്ട് നടത്തുന്നു.

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും സാരമായി ബാധിക്കുന്ന ഗുരുതരമായൊരു വിഷയമാണ് ഇവിടെ അടിയന്തര പ്രമേയമായി ഞങ്ങൾ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം, അന്ന് പ്രതിപക്ഷത്തിരുന്ന ആളുകൾ നിരവധി അടിയന്തരപ്രമേയങ്ങൾ കൊണ്ടുവന്ന സന്ദർഭത്തിൽ ആ അടിയന്തരപ്രമേയങ്ങളെയെല്ലാം ഞങ്ങൾ സ്വാഗതം ചെയ്യുകയും സഭ നിറുത്തി വച്ച് ചർച്ച ചെയ്യുകയും ചെയ്തു. നിങ്ങൾ ഇപ്പോൾ മൂന്നുകൊല്ലമായി ഭരിക്കുകയാണ്. വിലക്കയറ്റമെന്ന് കേട്ടാൽ ഉടനെ നിഷേധിക്കുകയാണ്. ഇത്രയും അസ്വസ്ഥതയുണ്ടാകേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് സഭയിൽ നടത്തിയത് വസ്തുതാപരമല്ലാത്ത കണക്കുകളാണ്. 2014-15 ബഡ്ജറ്റ് പ്രസംഗം സഭ യിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചതാണ്. ഇതിൽ 63-മത്തെ പേജിൽ പറയുന്നത് ശക്തമായ വിപണി ഇടപെടലിന് സപ്ലൈകോയ്ക്ക് വേണ്ട പിന്തുണ നൽകുന്നതിന് 65 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും, കൂടാതെ കൺസ്യൂമർ ഫെഡിന് വിപണി ഇടപെടലിന് 11 കോടി രൂപയും അനുവദിച്ചിട്ടുണ്ട് എന്നാണ്. 2011-ൽ നിങ്ങൾ 200 കോടി രൂപ മാറ്റി വച്ചൂ വെന്ന് പറയുന്നത് ഒരു രൂപയ്ക്ക് അരി കൊടുക്കാൻ വേണ്ടിയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ വായിച്ചത് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിന്നാണ്. കഴിഞ്ഞ മൂന്ന് വർഷം

ഞങ്ങൾ കൊടുത്ത സബ്സിഡിയുടെ കണക്കുവച്ചാണ് ഞാൻ പറഞ്ഞത്. 2010–11-ൽ നിങ്ങൾ 76.31 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്തപ്പോൾ 2011–12-ൽ 118.35 കോടി രൂപയും 2012–13-ൽ 135 കോടി രൂപയും 2013–14-ൽ 116 കോടി രൂപയും ഞങ്ങൾ കൊടുത്തു. ആകെ 369 കോടി രൂപയാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്തത്. കൺസ്യൂമർ ഫെഡിന് 204 കോടി രൂപ കൊടുത്തു. സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടി ബഡ്ജറ്റിൽ 65 കോടി രൂപ നടപ്പുവർഷത്തിൽ വക കൊള്ളിച്ചിരിക്കുന്നു എന്നതാണ് അങ്ങ് വായിച്ചത്. ബഡ്ജറ്റിൽ പറഞ്ഞതിനുപുറമെ പലപ്പോഴും ആവശ്യാനുസരണം നൽകുമ്പോഴാണ് തുക കൂടുതൽ വരുന്നത്. അങ്ങ് 65 കോടി രൂപ എന്ന് പറഞ്ഞത് ഈ വർഷത്തേതാണ്. ഈ വർഷത്തെ 65 കോടി രൂപ ഞാൻ കൂട്ടി യിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്ത താണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങയുടെ ഗവൺമെന്റിന്റെ ഒരു രൂപ അരിക്കുള്ള പുതിയ സ്കീമിന്റെ എക്സ്പെൻഡിച്ചർ കൂടി ചേർത്തിട്ടുള്ളത് മാർക്കറ്റ് ഇന്റർവെൻഷനല്ല, സപ്ലൈകോ അല്ല, അത് നിങ്ങളുടെ ഗവൺമെന്റ് വാഗ്ദാനം ചെയ്ത പദ്ധതിയാണ്. അത് വേറെയാണ്. ആ 200 കോടി രൂപ ഒഴിവാക്കിയാൽ അന്നത്തെയും ഇന്നത്തെയും അവസ്ഥ ............

ശ്രീ. ഉമ്മൻ ചാണ്ടി: സർ, റേഷൻ സബ്സിഡിക്കുപുറമെ ഞങ്ങൾ 573 കോടി രൂപ കൊടുത്തു എന്നാണ് പറഞ്ഞത്. ഒരു രൂപയ്ക്ക് അരി നൽകു

ന്നത് റേഷൻ സബ്സിഡിയാണ്. റേഷൻ സബ്സിഡിക്കുപുറമെ 573.5 കോടി രൂപ കഴിഞ്ഞ മൂന്ന് വർഷമായി കൊടുത്തു എന്ന് ഞാൻ വളരെ വ്യക്തമായി പറഞ്ഞു. വിലക്കയറ്റമില്ല എന്ന് ഞാൻ പറഞ്ഞിട്ടില്ല. വിലക്കയറ്റമുണ്ടെന്നും ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണെന്നും പറഞ്ഞിട്ടാണ് ഞാൻ ഈ ഗവൺമെന്റ് കൈക്കൊണ്ട നടപടികളെക്കുറിച്ച് പറഞ്ഞത്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, കേരളത്തിൽ വിലക്കയറ്റമുണ്ടെന്ന വസ്തുത അങ്ങ് അംഗീകരിച്ചതിനോട് ഞാനും യോജിക്കുകയാണ്. വിലക്കയറ്റമുണ്ടെന്ന് നിങ്ങൾ അംഗീകരിക്കുമ്പോൾ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നതാണ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞങ്ങൾ ഉന്നയിച്ചത്. നിങ്ങൾ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല "ഗവൺമെന്റ് ഉറങ്ങുകയാണ്. ജനങ്ങളുടെ കാര്യം നോക്കാൻ ആർക്ക് സമയം" എന്നാണ് നിരവധി മാധ്യമങ്ങളിലും പത്രങ്ങളിലും എഡിറ്റോറിയലിലും ലേഖനങ്ങളിലുമൊക്കെ വരുന്നത്. അങ്ങ് മന്ത്രിസഭ പുന:സംഘടനയ്ക്കുവേണ്ടി ചെലവിടുന്ന സമയത്തിൽ ഒരു മണിക്കൂറെങ്കിലും ബന്ധപ്പെട്ട മന്ത്രിമാരെ വിളിച്ചുചേർത്ത് കേരളത്തിലെ വിലക്കയറ്റം തടയുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുമായി സംയോജിച്ചുകൊണ്ട് വിലക്കയറ്റം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുന്ന ഒരു പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. നിങ്ങൾ കഴിഞ്ഞ ബഡ്ജറ്റിൽ 354 കോടി രൂപയെക്കുറിച്ച് സൂചിപ്പിച്ചതിൽ 25 ശതമാനം കേന്ദ്ര പദ്ധതിയാണ്. ആ പദ്ധതി എവിടെപ്പോയി? ഞങ്ങളുടെ ഭരണകാലത്ത് വിലക്കയറ്റം അനുഭവപ്പെട്ടപ്പോൾ 300

രൂപയുടെ നിത്യോപയോഗ സാധനങ്ങളുടെ കിറ്റ് 150 രൂപയ്ക്ക് വിതരണം ചെയ്തു. അരിക്ക് വില കൂടിയപ്പോൾ ബംഗാളിൽനിന്നും ആന്ധ്രയിൽ നിന്നും അരി വരുത്തി 12.50 രൂപയ്ക്ക് വിതരണം ചെയ്തു. ഇപ്പോൾ അരിക്ക് 34 രൂപയേ വിലയുള്ളൂവെന്നാണ് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞത്. 34 രൂപയ്ക്കും അരി കിട്ടാനില്ല. ഞങ്ങൾ ഭരണമൊഴിയുമ്പോൾ അരിക്ക് 19 രൂപ വലിയ വിലയായിരുന്നു എന്ന് നിങ്ങൾ പറഞ്ഞിരുന്നു. ഇപ്പോൾ ഒരു കിലോ അരിക്ക് 34 രൂപയാണെന്ന് സഭയിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി അംഗീകരിക്കുമ്പോൾ ഓപ്പൺ മാർക്കറ്റിലെ വില എന്തായിരിക്കും. നമ്മൾ പറയുന്ന വിലയ്ക്ക് സാധനങ്ങൾ ലഭിക്കുന്നില്ല. ഹോട്ടൽ ഭക്ഷണ ത്തിനും വില വളരെ കൂടുതലാണ്. മന്ത്രിയുൾപ്പെടെയുള്ള ഭരണകക്ഷിയിലെ ഏതെങ്കിലും എം.എൽ.എ മാർ ഹോട്ടലിൽ ഭക്ഷണത്തിന് വില കുറഞ്ഞു എന്ന് പറയാമോ? ശ്രീ. കെ. ബാബുവിനോട് എനിക്ക് ഒരപേക്ഷയുള്ളത് നിങ്ങൾ വാരിക്കൂട്ടുന്ന കോടികളിൽ പകുതി സിവിൽസപ്ലൈസ് കോർപ്പറേ ഷന് കൊടുക്കണമെന്നാണ്. അവർക്ക് പണമില്ല. നെല്ല് സംഭരിച്ചതിൽ ഇനിയും പണം നൽകാനുണ്ട്. കൺസ്യൂമർ ഫെഡിന്റെ കടം ഇനിയുമുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന് 260 കോടി രൂപ ഗവൺമെന്റിൽനിന്ന് ലഭിക്കാനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ........

ശ്രീ. സി. ദിവാകരൻ: സർ, ഇത് ഗുരുതരമായ വിഷയമാണ്. അത് പറയാതിരിക്കാൻ കഴിയില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് മുൻ ഭക്ഷ്യവകുപ്പുമന്ത്രിയായതു കൊണ്ടാണ് ഇത്രയും സമയം അനുവദിച്ചത്. 7 മിനിട്ടായി. ചുരുക്കിപ്പറ ഞ്ഞാൽ മതി.

<u>ശ്രീ. സി. ദിവാകരൻ:</u> തുടർച്ചയായുണ്ടാകുന്ന വിലക്കയറ്റത്തിനെതിരെ ജനങ്ങൾ പ്രതികരിക്കണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരി ക്കുന്നത്. എന്നുപറഞ്ഞാൽ പ്രതിപക്ഷത്തിന്റെ പ്രതികരണം മോശമാണെ ന്നാണ്. ഞങ്ങൾ അധികാരത്തിലിരുന്ന അഞ്ച് വർഷവും പതിമൂന്നിന സാധന ങ്ങൾക്ക് ഒരേ വിലയായിരുന്നു. നിങ്ങൾ മാവേലി ഐറ്റത്തിനെല്ലാം വില കൂട്ടി. നിങ്ങൾ കൊള്ളക്കാർ നടത്തുന്ന കച്ചവടത്തിന്റെ വിലയുമായാണ് താര തമ്യപ്പെടുത്തുന്നത്. നിങ്ങൾക്ക് കേന്ദ്രത്തിന്റെ ഒരു സഹായവും ലഭിച്ചിട്ടില്ല. കേന്ദ്രത്തിൽ നിന്ന് അരിയും ഗോതമ്പും ലഭിക്കാൻ ആരുടെയും സഹായം ആവശ്യമില്ല. കേന്ദ്രത്തിൽനിന്ന് അലോട്ട്മെന്റ് വിതരണം ചെയ്യാൻ ഒരു ക്ലാർക്ക് മതി. അതിന് മന്ത്രിയും വകുപ്പുമൊന്നും ആവശ്യമില്ല. അതിൽകൂടു തലായി എവിടെനിന്ന്, എന്ത് സംഭരിച്ചു, എന്ത് വിലയ്ക്ക് കൊടുത്തു തുടങ്ങി യവയാണ് ഞങ്ങളിവിടെ ഉന്നയിച്ചത്. അതിനുമാത്രം ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയും വകുപ്പുമന്ത്രിയും മറുപടി പറഞ്ഞില്ല. മാവേലി ഹോട്ടലുകളും ത്രിവേണി ഹോട്ടലുകളുമെല്ലാം പൂട്ടി. ഞങ്ങൾ എത്ര മാവേലി ഹോട്ടലുകൾ ആരംഭിച്ചതാണ്. ഈ ഗവൺമെന്റ് നിഷ്ക്രിയമാണ്. ഒന്നും ചെയ്യുന്നില്ല. അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുകയാണ്. ഈ പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഈ വിഷയം ചർച്ച ചെയ്ത് വിലക്കയറ്റത്തിൽ അങ്ങ് അടിയന്തരമായി ഇടപെ ടുന്നു എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. എസൻഷ്യൽ കമ്മോഡിറ്റി

ആക്ട് പ്രകാരം സ്വീകരിക്കാവുന്ന നടപടികൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്വീകരിക്കണം. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാത്ത തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തി)

ശ്രീ. മാത്യു. റ്റി. തോമസ്: സർ, നാട്ടിൽ വിലക്കയറ്റം ഉണ്ടോ ഇല്ലയോ എന്ന തർക്കം ഇവിടെയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പു മന്ത്രിയും വിലക്കയറ്റം ഇന്നൊരു യാഥാർത്ഥ്യമാണെന്ന് ഒരുപോലെ സമ്മ തിച്ചു. മുഖ്യമന്ത്രി ഒരു പടി കൂടി മുന്നോട്ടു പോയി, കേരളത്തിലെ ജനങ്ങൾ ഇന്നനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റമാണെന്ന് സഭയിൽ പറഞ്ഞു. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അംഗീകരിച്ചിരിക്കുന്ന വിലക്ക യറ്റം ചർച്ച ചെയ്യാതെ സഭയിൽ മറ്റ് എന്ത് വിഷയമാണ് ചർച്ച ചെയ്യുന്നത്. ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളല്ലേ സഭയിൽ ചർച്ച ചെയ്യേണ്ടത്. ഇവിടെ ചില കണക്കുകൾ പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്ന അവസാന വർഷം പൊതുവിപണിയിൽ ഇടപെടാൻവേണ്ടി കൊടുത്ത തുകയും ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്ന് വർഷം കൊടുത്ത തുകയും തമ്മിൽ വലിയ അന്തരമുണ്ട്. അക്കാര്യ ത്തിൽ തർക്കമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്ത തുക കുറവാണെന്ന് പറയുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും നിത്യോപയോഗ സാധനങ്ങൾക്കുണ്ടായിരുന്ന വില പരിശോധിക്കണ്ടേ? ഗവൺമെന്റ് കോടിക്കണക്കിനു രൂപ പൊതുവിത

രണ മേഖലയിൽ കൊടുത്തിട്ടും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാരണം, പൊതുവിപണിയിലെ ഇടപെടലിന്റെ ക്വാണ്ടം/തോത്/വ്യാപ്തി കുറഞ്ഞതാണ്. പൊതുവിപണിയിലെ എല്ലാ സാധനങ്ങളും വിതരണം ചെയ്യാൻ സർക്കാർ സംവിധാനത്തിന് കഴിയില്ല. ഫലപ്രദമായി ഇടപെടുന്ന വിധത്തിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയണം. കൺസ്യൂമർ ഫെഡ് പൂർണ്ണമായും നിർജ്ജീവമാണ്. ത്രിവേണി സ്റ്റോറുകളിൽ ഒരു സാധനവും ലഭിക്കുന്നില്ല. പൊതു വിപണിയിൽ ഇടപെടാൻവേണ്ടി എന്തെല്ലാം സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകുന്നതിന്റെ തോത് കുറഞ്ഞിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്ത തുകയെക്കാൾ കുടുതൽ കൊടുത്തു എന്ന് പറയുമ്പോഴും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കർഷകർ സപ്ലൈകോയ്ക്ക് നൽകിയ നെല്ലിന്റെ വില ഇതുവരെ കൊടുത്തിട്ടില്ല. വാങ്ങിയ സാധനത്തിന്റെ വില നൽകാനെങ്കിലും സർക്കാർ തയ്യാറാകണ്ടേ? പൊതുവിതരണ സംവിധാനവും, ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നമെന്ന് മുഖ്യമന്ത്രി അംഗീകരിച്ചിരിക്കുന്ന വിലക്കയറ്റം നേരിടാനുള്ള നടപടികളും തീർത്തും നിർജ്ജീവമായി കഴിഞ്ഞിരിക്കുന്നു. വിലക്കയറ്റം ഏറ്റവും വലിയ പ്രശ്നമാണെന്ന് അംഗീകരിച്ചതിനുശേഷവും അത് ചർച്ച ചെയ്യാതിരിക്കുന്ന നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ. റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തി)

ശ്രീ. തോമസ് ചാണ്ടി : സർ, നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നുവെന്നുള്ളത് രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി പറഞ്ഞതല്ല. ആ സത്യം ബഹുമാനപ്പെട്ട മന്ത്രിയും ഭരണപക്ഷത്തുള്ള എല്ലാവരും അനുഭ വിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. 22 സഞ്ചരിക്കുന്ന സ്റ്റോറും 134 മാവേലി സ്റ്റോറും തുടങ്ങിയെന്ന്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ല കാര്യമാണ്. സംസ്ഥാനത്ത് പല സ്ഥലങ്ങളിലും അങ്ങനെ തുടങ്ങിയെങ്കിലും ഇതിന്റെ റിസൽട്ട് എന്താണ്; കുറച്ച് മാവേലി സ്റ്റോറുകൾ തുടങ്ങിയെന്ന് പറഞ്ഞ് കയ്യുംകെട്ടി ഇരിക്കാൻ കഴിയുമോ? റിസൽട്ട് ഉണ്ടാകുന്നില്ലെങ്കിൽ എങ്ങനെ റിസൽട്ട് ഉണ്ടാക്കാനുള്ള വഴി എന്നുപറയുന്നത് ഇപ്പുറത്ത് ഇരി ക്കുന്നവരെയും ചേർത്ത് ചർച്ച ചെയ്യുകയെന്നുള്ളതായിരുന്നു. അരിവില 34–36 രൂപയാണെന്ന് ഇവിടെ പറയുകയുണ്ടായി. 19 രൂപയ്ക്കാണ് ഇപ്പോഴും നെല്ല് എടുത്തുകൊണ്ടിരിക്കുന്നത്. ഈ വ്യത്യാസം കഴിക്കുന്നത് ആരാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വളരെക്കാലം ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കി യതിനുശേഷമാണ് നെല്ലിന്റെ വില 19 രൂപയിൽ എത്തി നിൽക്കുന്നത്. 19 രൂപയ്ക്ക് എടുക്കുന്ന നെല്ല് തീർച്ചയായും 22–24 രൂപയ്ക്ക് വിൽക്കാൻ കഴിയും.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഒരു കിലോ നെല്ലിന്റെ 68 ശതമാനമാണ് അരിയായി ലഭിക്കുന്നതെന്ന് അങ്ങേയ്ക്കും അറിയാവുന്ന താണ്. 19 രൂപയ്ക്ക് സംഭരിക്കുന്ന നെല്ല് 22 രൂപയക്ക് അരിയായി നൽകണ ണമെന്ന് പറയുന്നത് മായാജാലക്കാരന് പോലും സാധിക്കാത്ത കാര്യമാണ്.

ശ്രീ. തോമസ് ചാണ്ടി : ഞങ്ങൾ പഴയ കാലത്ത് നെല്ല് പുഴുങ്ങി, കുത്തി കഴിച്ചുകൊണ്ടിരുന്നവരാണ്. 68 ശതമാനം അരിമാത്രമല്ല കിട്ടുന്നത്. വലിയ വില കിട്ടുന്ന ബൈപ്രൊഡക്റ്റും ഉണ്ട്. അതിന്റെ വില കൂടി കൂട്ടണ്ടേ; അരിയുടെ വില മാത്രം കൂട്ടിയാൽ മറ്റ് സാധനങ്ങൾ കളയുമോ? നെല്ല് കർഷകർ വളരെ കഷ്ടത്തിലാണ്, ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. ഇപ്പോഴും നെല്ലിന് 19 രൂപയാണുള്ളത്. 34 രൂപ വിലയുള്ള അരിയുടെ നെല്ലിന് 19 രൂപയാണോ കിട്ടേണ്ടത്. എന്റെ നെല്ല് കൊണ്ടു പോയിട്ട് 4 മാസമായി ഇതുവരെ എനിക്ക് കാശ് കിട്ടിയിട്ടില്ല. ആരോടും ചോദിച്ച് മനസ്സിലാക്കേണ്ട കാര്യമില്ല. അനുഭവസ്ഥനാണ് പറയുന്നത്. ഈ വിഷയം ഇവിടെ ചർച്ചചെയ്യേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി എടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ ചർച്ച ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും വാക്കൗട്ട് നടത്തി.)

(വാക്കൗട്ട് നടത്തിയ അംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ ഹാജരായി)